16
2025
ഏപ്രിൽ
ബുധൻ
മേടം 2

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.121 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-121 പേജ് 4. വില 2.00 രൂപ




02 വീണ്ടും ജീവനെടുത്ത് കാട്ടാന; രണ്ടു പേർക്ക് ദാരുണാന്ത്യം
03 നാഷണൽ ഹെറാൾഡ് കേസ്; ഇഡി കുറ്റപ്പത്രം സമർപ്പിച്ചു
04 മുങ്ങിയ മുൻസൈനികൻ 20 വർഷത്തിന് ശേഷം പിടിയിൽ

## മുനമ്പം പ്രശ്നം സമയബന്ധിതമായി പരിഹരിക്കും: കിരൺ റിജിജു

കൊച്ചി: മുനമ്പം പ്രശ്നം സമയബന്ധിതമായി പരിഹരിക്കുമെന്ന് കേന്ദ്ര മന്ത്രി കിരൺ റിജിജു. വരാപ്പുഴ ആർച്ച് ബിഷപ് ഡോ. ജോസഫ് കളത്തിൽ പറമ്പിലിനെ സന്ദർശിച്ചാണ് മന്ത്രി നിലപാട് വ്യക്തമാക്കിയത്.


റിജിജു ബിഷപ്പ് ഹൗസിലെത്തിയപ്പോൾ

തങ്ങളുടെ ആവശ്യങ്ങളെല്ലാം മന്ത്രിയെ അറിയിച്ചെന്നും ചർച്ച സൗഹാർദപരമായിരുന്നു എന്നും ആർച്ച് ബിഷപ് പറഞ്ഞു. വടക്കേന്ത്യയിൽ ക്രൈസ്തവർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നും മന്ത്രിയോട് അദ്ദേഹം ആവശ്യപ്പെട്ടു.

വൈപ്പിനിൽ കടൽഭിത്തി നിർമിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു. മുനമ്പത്ത് ബിജെപി സംഘടിപ്പികുന്ന നന്ദി മോദി ബഹുജന കൂട്ടായ്മ'യിൽ പങ്കെടുക്കാൻ കൊച്ചിയിലെത്തിയതായിരുന്നു കിരൺ റിജിജു.

വഖഫ് നിയമം മുസ്ലിംകൾക്കെതിരല്ലെന്ന് കേന്ദ്ര മന്ത്രി കിരൺ റിജിജു. വഖഫ് നിയമ ഭേഗതിയിലൂടെ വർഷങ്ങളായി നില നിൽക്കുന്ന തെറ്റ് തിരുത്തുകയാണ് കേന്ദ്രസർക്കാർ ചെയ്തതെന്നും അദ്ദേഹം കൊച്ചിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

മുസ്ലിംകൾക്കെതിരായ നീക്കം കേന്ദ്രം നടത്തുന്നു എന്ന പ്രചരണത്തിനാണ് ചിലർ ശ്രമിക്കുന്നത്, എന്നാൽ ഇത് തെറ്റാണ്. ഏതെങ്കിലും ഒരു വിഭാഗത്തെ ലക്ഷ്യമിട്ടുള്ള നിയമ ഭേദഗതിയല്ല ഇത്. ഏതു ഭൂമിയും വഖഫ് ഭൂമിയായി പ്രഖ്യാപിക്കുന്ന സാഹചര്യമുണ്ടാകുമായിരുന്നു. ഇത് തിരിച്ചറിഞ്ഞാണ് സർക്കാർ നിയമ ഭേദഗതിക്ക് തയാറായതെന്നും കിരൺ റിജിജു കൂട്ടിച്ചേർത്തു.

വഖഫ് ഭേദഗതി ബിൽ നിയമമാക്കിയതിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിക്കും കേന്ദ്ര സർക്കാരിനും നന്ദിയറിയിക്കാൻ എൻഡിഎയുടെ നേതൃത്വത്തിൽ മുനമ്പത്ത് നടത്തുന്ന 'നന്ദി മോദി ബഹുജനക്കൂട്ടായ്മ'യിൽ പങ്കെടുക്കാൻ കേരളത്തിലെത്തിയതായിരുന്നു കേന്ദ്രമന്ത്രി.

## അനധികൃത സ്വത്ത് സമ്പാദനക്കേസ്: സിബിഐ അന്വേഷണത്തിനെതിരേ അപ്പീൽ പോകാൻ കെ.എം. എബ്രഹാം

തിരുവനന്തപുരം: അനധികൃത സ്വത്ത് സമ്പാദന കേസിലെ സിബിഐ അന്വേഷണ ഉത്തരവിനെതിരേ അപ്പീൽ നൽകാനൊരുങ്ങി കിഫ്ബി സിഇഒ കെ.എം ഏബ്രഹാം. ഇതുമായി ബന്ധപ്പെട്ട് അദ്ദേഹം അഭിഭാഷമാരുമായി ആശയവിനിമയം നടത്തി. തൻറെ വാദം കേട്ടില്ലെന്നാണ് അദ്ദേഹത്തിൻറെ നിലപാട്.

നേരത്തെ, സിബിഐ അന്വേഷണം സധൈര്യം നേരിടുമെന്നും കിഫ്ബി സിഇഒ സ്ഥാനത്ത് നിന്ന് രാജിവയ്ക്കില്ലെന്നും കെ.എം. ഏബ്രഹാം വ്യക്തമാക്കിയിരുന്നു. കിഫ്ബി സിഇഒ സ്ഥാനത്ത് തുടരണമോയെന്ന് മുഖ്യമന്ത്രിക്ക് തീരുമാനിക്കാമെന്നും കിഫ്ബി ജീവനക്കാർക്കുള്ള വിഷുദിന സന്ദേശത്തിൽ അദ്ദേഹം കൂട്ടിച്ചേർത്തു.

ഹർജിക്കാരനെതിരെയും കടുത്ത ആരോപണമാണ് കെ.എം.ഏബ്രഹാം ഉന്നയിച്ചത്. ഹർജിക്കാരനായ ജോമോൻ പുത്തൻപുരയ്ക്കലിന് തന്നോട് വിരോധമുണ്ട്. ധനസെക്രട്ടറിയായിരിക്കെ ഹർജിക്കാരൻ പിഡബ്ല്യൂഡി റസ്റ്റ് ഹൗസ് ദുരുപയോഗം ചെയ്തത് കണ്ടെത്തിയിരുന്നു. ഈ സംഭവത്തിൽ പിഴ ചുമത്തിയതിൻറെ വൈരാഗ്യമാണ് ഹർജിക്കാരന്.

മുൻ വിജിലൻസ് ഡയറക്ടർ ജേക്കബ് തോമസ് 20 കോടി രൂപയുടെ തിരിമറി നടത്തിയത് താൻ കണ്ടെത്തിയതാണ്. തനിക്ക് എതിരായ കോടതി വിധി നിർഭാഗ്യകരമാണ്. ഓരോ രൂപക്കും കണക്കുണ്ടെന്നും കൊല്ലത്തെ കെട്ടിടം പണി താനും സഹോദരന്മാരും തമ്മിലുള്ള ധാരണ പത്രം അനുസരിച്ചാണെന്നും കെ.എം.ഏബ്രഹാം പറഞ്ഞു. കോടതി വിധിയനുസരിച്ച് രാജിവെച്ചാൽ അത് ഹർജിക്കാരനും ആരോപണം ഉന്നയിച്ചവരും പറയുന്നത് ശരിയാണ് എന്ന് വ്യാഖ്യാനിക്കപ്പെടും. അതുകൊണ്ടുതന്നെ രാജിവെക്കില്ല. മുഖ്യമന്ത്രിയാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്. മുഖ്യമന്ത്രി തീരുമാനം പറഞ്ഞാൽ കിഫ്ബി ചെയർമാൻ സ്ഥാനം രാജിവെക്കുന്നത് പരിഗണിക്കാമെന്നും ഏത് അന്വേഷണത്തെയും നേരിടാമെന്നും കെ.എം.ഏബ്രഹാം വ്യക്തമാക്കിയിരുന്നു.

## പാതിവില തട്ടിപ്പുകേസ്; ചോദ്യം ചെയ്യലിന് ഹാജരാകാതെ എ.എൻ.രാധാകൃഷ്ണൻ മടങ്ങി

കൊച്ചി: പാതിവില തട്ടിപ്പുകേസിൽ ബിജെപി നേതാവ് എ.എൻ.രാധാകൃഷ്ണൻ ചോദ്യംചെയ്യലിന് ഹാജരാകാതെ മടങ്ങി. തൃപ്പൂണിത്തുറ ക്രൈംബ്രാഞ്ച് ഓഫീസിലെത്തിയ അദ്ദേഹം മാധ്യമങ്ങളെ കണ്ടതോടെ മടങ്ങിപ്പോകുകയായിരുന്നു.

രാവിലെ പതിനൊന്ന് ക്രൈംബ്രാഞ്ച് ഓഫീസിലെത്തിയെങ്കിലും അദ്ദേഹം കാറിൽ നിന്ന് ഇറങ്ങാതെ മടങ്ങുകയായിരുന്നു. എ.എൻ.രാധാകൃഷ്ണൻ നേതൃത്വം നൽകുന്ന സൈൻ സൊസൈറ്റിയുടെ ഇടപാടുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കാണ് അദ്ദേഹത്തെ വിളിപ്പിച്ചത്.

ക്രൈംബ്രാഞ്ച് ഐജി എ.അക്ബറിൻറെ നേതൃത്വത്തിൽ ഉന്നത ഉദ്യോഗസ്ഥർ എ.എൻ.രാധാകൃഷ്ണനെ ചോദ്യം ചെയ്യാൻ കാത്തു നിൽക്കുന്നതിനിടെയാണ് അദ്ദേഹം മടങ്ങിപ്പോയത്.

## മാസപ്പടി കേസ്: എസ്എഫ്ഐഒ കുറ്റപത്രത്തിൻെറ പകർപ്പ് ഇഡിക്ക് കൈമാറും

കൊച്ചി: മുഖ്യമന്ത്രിയുടെ മകൾ വീണ വിജയൻ പ്രതിയായ മാസപ്പടി കേസിൽ എസ്എഫ്ഐഒ കുറ്റപത്രത്തിൻറെ പകർപ്പ് ഇഡിക്ക് കൈമാറും. എറണാകുളം അഡീഷണൽ സെഷൻസ് കോടതി പകർപ്പ് കൈമാറാൻ നിർദേശം നൽകി. എസ്എഫ്ഐഒ കുറ്റപത്രത്തിൻറെ പകർപ്പ് വേണമെന്ന് ആവശ്യപ്പെട്ട് ഇഡി നൽകിയ അപേക്ഷയിലാണ് നടപടി.

മാസപ്പടി കേസിൽ ആദായനികുതി വകുപ്പിൻറെ അന്വേഷണ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ ഇഡി അന്വേഷണം തുടങ്ങിയിരുന്നു. സിഎംആർഎൽ ഉദ്യോഗസ്ഥരെ വിളിച്ചു വരുത്തി മൊഴിയെടുത്തിരുന്നു.

ഇതിനിടെയാണ് കേസിൽ അന്വേഷണം നടത്തിയ എസ്എഫ്ഐഒ എറണാകുളം അഡീഷണൽ സെഷൻസ് കോടതി7ൽ വീണ വിജയനെ പ്രതിയാക്കി കുറ്റപത്രം സമർപ്പിച്ചത്. ഇതോടെ എസ്എഫ്ഐഒ കുറ്റപത്രത്തിൻറെ പകർപ്പ് ആവശ്യപ്പെട്ട് ഇഡി കോടതിയെ സമീപിക്കുകയായിരുന്നു.

കോടതി നിർദേശം അനുസരിച്ച് കുറ്റപത്രത്തിൻറെ പകർപ്പ് ഇന്നു തന്നെ ഇഡിക്ക് കൈമാറിയേക്കും. ഇതുകൂടി പരിശോധിച്ച് തുടർ നടപടികളിലേക്ക് പോകാനാണ് ഇഡിയുടെ തീരുമാനം.

## തൃശൂർ പൂരം വെടിക്കെട്ട് നടത്താം; നിയമോപദേശം ലഭിച്ചെന്ന് മന്ത്രി കെ.രാജൻ

തൃശൂർ: തൃശൂർ പൂരം വെടിക്കെട്ട് നടത്തുന്നതിന് നിയമോപദേശം ലഭിച്ചെന്ന് മന്ത്രി കെ.രാജൻ. തിരുവമ്പാടി, പാറമേക്കാവ് വേല വെടിക്കെട്ടിന് ഹൈക്കോടതി അനുമതി നൽകിയിരുന്നു. ഈ അനുമതി പൂരം വെടിക്കെട്ടിനും ബാധകമാണെന്ന് അഡ്വക്കേറ്റ് ജനറലിൻറെ നിയമോപദേശം ലഭിച്ചതായി മന്ത്രി പറഞ്ഞു.

കേന്ദ്ര ഏജൻസിയായ പെസോയുടെ മാർഗ നിർദേശങ്ങൾ പാലിച്ചാകും കളക്ടർ അനുമതി നൽകുക. കേന്ദ്ര നിയമ പ്രകാരമുള്ള നിബന്ധനകൾ പാലിക്കാൻ തിരുവമ്പാടി, പാറമേക്കാവ് ദേവസ്വങ്ങൾ തേക്കിൻകാട് മൈതാനത്തെ വെടിപ്പുര ഒഴിച്ചിടും.

വെടിമരുന്ന് സൂക്ഷിക്കുന്ന അറ ശൂന്യമാക്കി വയ്ക്കണമെന്ന പൊതു നിബന്ധന പാലിച്ചുകൊണ്ടാണ് ഇപ്രാവശ്യം വെടിക്കെട്ട് നടത്തുക. പുതിയ കേന്ദ്രനിയമം വെടിക്കെട്ടിന് തടസമാണെന്നും കേന്ദ്രം നിയമ ഭേദഗതി നടത്തണമെന്നും മന്ത്രിമാരായ കെ.രാജനും ആർ.ബിന്ദുവും ആവശ്യപ്പെട്ടു.

## പാലക്കാട്ട് കെഎസ്ആർടിസിയും ഓട്ടോയും കൂട്ടിയിടിച്ച് അപകടം; രണ്ട് പേർ മരിച്ചു

ബംഗളൂരു: ബംഗളൂരുവിൽ ബൈക്ക് ഡിവൈഡറിൽ ഇടിച്ച് മലയാളി യുവാവ് മരിച്ചു. കണ്ണൂർ മുണ്ടേരി വാരം സ്വദേശി മുഹമ്മദ് ഷമൽ (25) ആണ് മരിച്ചത്.

ഒപ്പമുണ്ടായിരുന്ന സുഹൃത്ത് ഗൗരീഷിന് പരിക്കേറ്റു. ഇയാളുടെ ആരോഗ്യനില തൃപ്തികരമാണെന്നാണ് വിവരം.

ഞായറാഴ്ച രാവിലെ ബിടദിയിൽ വച്ചാണ് അപകടം. ഇരുവരും സഞ്ചരിച്ചിരുന്ന ബൈക്ക് സ്പീഡ് ബ്രെയ്ക്കറിൽ നിന്ന് തെന്നി വീണ് ഡിവൈഡറിൽ ഇടിക്കുകയായിരുന്നു.

മടിവാളയിലെ ഒരു സ്വകാര്യ ബേക്കറി കടയിൽ ജോലിക്കാരനായിരുന്നു മുഹമ്മദ് ഷമൽ. പോസ്റ്റ്മോർട്ടം ചെയ്തതിനുശേഷം ബംഗളൂരു ശിഹാബ് തങ്ങൾ സെൻററിൽ കെഎംസിസി പ്രവർത്തകരുടെ നേതൃത്വത്തിൽ അന്ത്യ കർമങ്ങൾ ചെയ്ത് നാട്ടിലേക്ക് കൊണ്ടുപോകും. മാതാവ് ഷെറീന. സഹോദരി ഷംല ബാനു.

## തമിഴ്നാടിന് സ്വയംഭരണാവകാശം: പ്രമേയം അവതരിപ്പിച്ചു; സംസ്ഥാനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുക ലക്ഷ്യമെന്ന് സ്റ്റാലിൻ

ചെന്നൈ : തമിഴ്നാടിന് സ്വയംഭരണാവകാശം പ്രഖ്യാപിക്കാനുള്ള നടപടികൾ വേഗത്തിലാക്കി മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ. ഇതുസംബന്ധിച്ചുള്ള പ്രമേയം നിയമസഭയിൽ അവതരിപ്പിച്ചു. സംസ്ഥാനത്തിന്റെ സ്വയംഭരണാവകാശത്തിനുള്ള വ്യവസ്ഥകളും നിർദേശങ്ങളും ശുപാർശ ചെയ്യാൻ ഉന്നതതല സമിതിയെയും സർക്കാർ നിയോഗിച്ചിട്ടുണ്ട്. സുപ്രീം കോടതി മുൻ ചീഫ് ജസ്റ്റിസ് കുര്യൻ ജോസഫിൻറെ അധ്യക്ഷതയിലാണ് ഉന്നതതല സമിതി പ്രവർത്തിക്കുക. ഗവർണർ ആർ.എൻ.രവിയുമായുള്ള അഭിപ്രായഭിന്നതകളെ തുടർന്നാണ് സ്റ്റാലിന്റെ നീക്കം.

'ജനനായകനി'ലൂടെ ശക്തി തെളിയിക്കാൻ വിജയ്, 'പരാശക്തി'യിലൂടെ നായകനാവാൻ ഉദയനിധി; തമിഴകത്ത് പൊങ്കലിന് പൊളിറ്റിക്കൽ 'ക്ലാഷ് റിലീസ്'

"സംസ്ഥാനത്തിന്റെ അവകാശങ്ങൾ കവരുന്നതിനെതിരായ പോരാട്ടം ശക്തമാക്കും. സംസ്ഥാനത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കാൻ ഉന്നതതല സമിതി രൂപവത്കരിക്കും. സമിതി 2026 ജനുവരിയിൽ ഇടക്കാല റിപ്പോർട്ട് സമർപ്പിക്കും. സംസ്ഥാനത്തിന്റെ അവകാശങ്ങൾ പുനഃസ്ഥാപിക്കാൻ സമിതിയുടെ ശുപാർശകൾ നടപ്പാക്കും." എം.കെ.സ്റ്റാലിൻ നിയമസഭയിൽ പറഞ്ഞു. മുൻ മുഖ്യമന്ത്രി കെ.കരുണാനിധിയും 1974ൽ സ്വയംഭരണാവകാശം സംബന്ധിച്ച പ്രമേയം നിയമസഭയിൽ അവതരിപ്പിച്ചിരുന്നു.

സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളെ കൺകറന്റ് ലിസ്റ്റിലേക്കു മാറ്റിയത് പിൻവലിക്കാനുള്ള നടപടികൾ ശുപാർശ ചെയ്യുന്നതിനും കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിരമിച്ച ഉദ്യോഗസ്ഥരായ അശോക് ഷെട്ടി, എം.നാഗരാജൻ എന്നിവരാണ് കമ്മിറ്റിയിലെ മറ്റ് അംഗങ്ങൾ. 2028ഓടെ കമ്മിറ്റി അന്തിമ റിപ്പോർട്ട് സമർപ്പിക്കുമെന്നും സ്റ്റാലിൻ നിയമസഭയിൽ പറഞ്ഞു.

തമിഴ്നാട് ഉൾപ്പെടെ എല്ലാ സംസ്ഥാനങ്ങളുടെയും അവകാശങ്ങൾ സംരക്ഷിക്കുക എന്നതാണ് ലക്ഷ്യമെന്ന് സ്റ്റാലിൻ നിയമസഭയിൽ വ്യക്തമാക്കി. സ്റ്റാലിനും ഗവർണർ ആർ.എൻ.രവിയും തമ്മിലുള്ള തർക്കം തുടരുന്നതിനിടെയാണ് സുപ്രധാന പ്രമേയം നിയമസഭയിൽ അവതരിപ്പിച്ചിരിക്കുന്നത്.

## റോബർട്ട് വാദ്രയ്ക്ക് വീണ്ടും ഇഡി നോട്ടീസ്

ന്യൂഡൽഹി: കോൺഗ്രസ് എംപി പ്രിയങ്കാ ഗാന്ധിയുടെ ഭർത്താവും ബിസിനസുകാരനുമായ റോബർട്ട് വാദ്രയ്ക്ക് വീണ്ടും ഇഡി നോട്ടീസ്. ലണ്ടനിലേത് അടക്കമുള്ള ഭൂമി ഇടപാടുകളിൽ ചോദ്യം ചെയ്യലിന് ഹാജരാകാൻ ആവശ്യപ്പെട്ടാണ് നോട്ടീസ് നൽകിയിരിക്കുന്നത്.

ഇന്ന് രാവിലെ 10.30ന് ഡൽഹിയിലെ ഇഡി ആസ്ഥാനത്ത് ചോദ്യം ചെയ്യലിന് ഹാജരാകമെന്നാണ് നോട്ടീസിലെ നിർദേശം. ലണ്ടൻ, രാജസ്ഥാൻ, ഡൽഹി എന്നിവിടങ്ങളിൽ അനധികൃത സ്വത്ത് സമ്പാദനം നടത്തിയെന്നാണ് വാദ്രക്കെതിരായ ആരോപണം.

മുമ്പ് 11 തവണയാണ് ഭൂമി ഇടപാടുകളുമായി ബന്ധപ്പെട്ട് വാദ്രയെ ഇഡി ചോദ്യം ചെയ്തത്.





സൗഹൃദം പതുക്കി വിഷു കൈനീട്ടവുമായി ഹസനെത്തി, പുഞ്ചിരിയോടെ സ്വീകരിച്ച് ജഗതി

# ഭരണകൂടം ഭരണഘടനയുടെ വിശ്വാസ്യത ഇല്ലാതാക്കുന്നു: കെ.സി.വേണുഗോപാൽ എംപി

കോൺഗ്രസും ഡോ.ബി.ആർ.അംബേദ്കറും രാജ്യത്തിന് നൽകിയ ഭരണഘടനയുടെ വിശ്വാസ്യതയും കരുത്തും ഇല്ലാതാക്കാനുള്ള ഗൂഢപരിശ്രമങ്ങളാണ് ബിജെപി ഭരണകൂടത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നതെന്ന് എഐസിസി ജനറൽ സെക്രട്ടറി കെ.സി.വേണുഗോപാൽ എംപി. ഡോ.ബി.ആർ.അംബേദ്കർ ജയന്തിയുടെ ഭാഗമായി കെപിസിസി ആസ്ഥാനത്ത് നടന്ന പുഷ്പാർച്ചനക്ക് ശേഷം സംസാരിക്കുക ആയിരുന്നു അദ്ദേഹം. സർക്കാർ തന്നെ ഭരണഘടനയെ ചോദ്യം ചെയ്യുന്നു. ഭരണഘടന ഉറപ്പു നൽകുന്ന മതസ്വാതന്ത്ര്യം തകർക്കുന്നു. പാർശ്വവത്കരിക്കപ്പെട്ടവരുടെയും അവശദുർബല വിഭാഗങ്ങളുടെയും സാമൂഹ്യനീതി ഉറപ്പാക്കാൻ നിർണ്ണായക പങ്കുവഹിക്കുന്നതാണ് നമ്മുടെ ഭരണഘടന. നവോത്ഥാന പോരാട്ടം നടന്ന കേരളത്തിൽ പോലും വർത്തമാനകാലത്ത് ക്രൂരമായ ജാതിവിവേചനം നടക്കുന്നു. കൂടൽമാണിക്യം ക്ഷേത്രത്തിൽ കഴകജോലിക്ക് പിന്നാക്ക ജാതിക്കാരന് ജോലിയിൽ തുടരാൻ ദേവസ്വം പോലും പൂർണ്ണ പിന്തുണ നൽകിയില്ലെന്നത് നിർഭാഗ്യകരമാണ്. രാജസ്ഥാൻ പ്രതിപക്ഷ നേതാവ് ക്ഷേത്ര ദർശനം കഴിഞ്ഞയുടനെ അവിടെ പുണ്യാഹം തളിക്കുന്നതാണ് ഈ രാജ്യം ഭരിക്കുന്നവരുടെ സഹയാത്രികൾ ചെയ്തത്.ദളിത് പിന്നോക്ക വിഭാഗങ്ങളോട് കാട്ടുന്ന അനീതി ലജ്ജാകരമാണെന്നും കെ.സി.വേണുഗോപാൽ പറഞ്ഞു.

കോൺഗ്രസ് പ്രവർത്തക സമിതി അംഗം കൊടിക്കുന്നിൽ സുരേഷ് എംപി,യുഡിഎഫ് കൺവീനർ എംഎം ഹസൻ, കെപിസിസി സംഘടനാ ചുമതലയുള്ള ജനറൽ സെക്രട്ടറി എം.ലിജു,ഭാരതീയ ദളിത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് എ.കെ.ശശി,എൻ.ശക്തൻ,ജിഎസ് ബാബു,ജി.സുബോധൻ, എംഎം നസീർ, ഡിസിസി പ്രസിഡന്റ് പാലോട് രവി, ചെറിയാൻ ഫിലിപ്പ്, കെ.മോഹൻകുമാർ,ശരത്ചന്ദ്ര പ്രസാദ്,മണക്കാട് സുരേഷ് തുടങ്ങിയവർ പങ്കെടുത്തു.

## ചലച്ചിത്രതാരം ജഗതി ശ്രീകുമാറിന് വിഷു കൈനീട്ടം സമ്മാനിച്ച് യുഡിഎഫ് കൺവീനർ എംഎം ഹസൻ

പേയാട് കാട്ടുവിളയുള്ള ജഗതി ശ്രീകുമാറിന്റെ വസതിയിലെത്തിയാണ് വിഷു കൈനീട്ടം ഹസൻ നൽകിയത്. ജഗതി ശ്രീകുമാറിന്റെ ഭാര്യയും മകളും ചേർന്ന് എംഎം ഹസനെ സ്വീകരിച്ചു.

പൂർവ്വകാല സ്മരണങ്ങൾ എംഎം ഹസൻ പങ്കുവെച്ചപ്പോൾ ചെറുപുഞ്ചിരിയോടെ ജഗതി അതിനെല്ലാം തലകുലുക്കി. ഊഷ്മളമായ സൃഹൃദ് ബന്ധത്തിന്റെ കൂടിച്ചേരൽ കൂടിയായി ഇരുവരുടെയും സംഗമം.

ദീർഘകാലം എംഎം ഹസന്റെ അയൽവാസിയും സുഹൃത്തുമായ ജഗതി ശ്രീകുമാറിന് വിഷുദിനത്തിൽ കൈനീട്ടം നൽകുന്നത് പതിവായിരുന്നു.

കോവിഡ് കാലത്തെ നിയന്ത്രങ്ങളിൽ ഒഴികെ ആ പതിവ് തെറ്റാതെ തുടരുകയും ചെയ്തു.

വിദ്യാർത്ഥി ജീവിതകാലം മുതൽക്കെ തുടങ്ങിയ ആത്മബന്ധമാണ് ജഗതി ശ്രീകുമാറും എംഎം ഹസ്സനുമായുള്ളത്. അത് ഇന്നും കോട്ടം വരാതെ ഇരുവരും കാത്തുസൂക്ഷിക്കുന്നു. കലാലയ ജീവിതകാലഘട്ടത്തിലെഓർമ്മകളുടെ പുനസാമഗമം കൂടിയായി ഇരുവരുടെയും കൂടിക്കാഴ്ച.പണ്ട് യൂണിവേഴ്സിറ്റി ചെയർമാനെന്ന നിലയിൽ എംഎം ഹസൻ കലോത്സവത്തിൽ വിജയികളായവരെയും കൊണ്ട് അഖിലേന്ത്യ പര്യടനം പോയപ്പോഴാണ് ജഗതി ശ്രീകുമാറുമായുള്ള സുഹൃത്ത് ബന്ധം ദൃഢപ്പെട്ടത്. ചലച്ചിത്രതാരം നെടുമുടി വേണുവും അന്ന് ഇത് സംഘത്തിലുണ്ടായിരുന്നു.

കലാലയ ജീവിതത്തിന് ശേഷം ജഗതി ശ്രീകുമാർ സിനിമാ മേഖലയിലും എംഎം ഹസ്സൻ രാഷ്ട്രീയ രംഗത്തും സജീവമായപ്പോഴും ഇരുവരും തമ്മിലുള്ള ആത്മസൗഹൃദത്തിന് ഒരു ഉലച്ചിലും സംഭവിച്ചില്ല.

അപ്രതീക്ഷിതമായ അപകടത്തെ തുടർന്ന് വിശ്രമത്തിൽ കഴിയുന്ന ജഗതി ശ്രീകുമാറിന്റെ പിറന്നാൾ ദിനത്തിലും ഓണനാളിലും എംഎം ഹസൻ സന്ദർശിച്ച് സമ്മാനങ്ങൾ കൈമാറുമായിരുന്നു.

## ഹൈക്കോടതി വേനലവധിക്കാല സിറ്റിങ്

കേരള ഹൈക്കോടതി ഏപ്രിൽ 15 മുതൽ മെയ് 18 വരെ വേനലവധിയ്ക്ക് പിരിയുന്നതിനാൽ അടിയന്തിര പ്രാധാന്യമുള്ള കേസുകൾ പരിഗണിക്കാൻ അവധിക്കാല സിറ്റിങ് നിശ്ചയിച്ചു. ആദ്യ പകുതിയിൽ ഏപ്രിൽ 16, 22, 25, 29 തീയതികളിലും രണ്ടാം പകുതിയിൽ മെയ് 2, 6, 9, 13, 16 തീയതികളിലും സിറ്റിങ് നടക്കും. ജസ്റ്റിസ് സതീഷ് നൈനാൻ (സിറ്റിങ് തീയതി മെയ് 16), ജസ്റ്റിസ് എൻ നാഗരേഷ് (മെയ് 13), ജസ്റ്റിസ് സി.എസ് ഡയസ് (മെയ് 16), ജസ്റ്റിസ് ടി.ആർ രവി (ഏപ്രിൽ 16), ജസ്റ്റിസ് ഗോപിനാഥ് പി (മെയ് 2), ജസ്റ്റിസ് കെ ബാബു (മെയ് 9), ജസ്റ്റിസ് വിജു എബ്രഹാം (മെയ് 6), ജസ്റ്റിസ് മുഹമ്മദ് നിയാസ് സി.പി (മെയ് 13, 16), ജസ്റ്റിസ് ശോഭ അന്നമ്മ ഈപ്പൻ (ഏപ്രിൽ 16), ജസ്റ്റിസ് സി പ്രദീപ് കുമാർ (ഏപ്രിൽ 16, 22), ജസ്റ്റിസ് എം.എ അബ്ദുൾ ഹക്കിം (മെയ് 13), ജസ്റ്റിസ് ശ്യാം കുമാർ വി.എം (മെയ് 2, 6, 9), ജസ്റ്റിസ് ഹരിശങ്കർ വി മേനോൻ (മെയ് 9), ജസ്റ്റിസ് എസ് മനു (ഏപ്രിൽ 25, 29), ജസ്റ്റിസ് ഈശ്വരൻ എസ് (ഏപ്രിൽ 29, മെയ് 2), ജസ്റ്റിസ് പി.എം മനോജ് (ഏപ്രിൽ 22), ജസ്റ്റിസ് എം.ബി സ്നേഹലത (മെയ് 6), ജസ്റ്റിസ് പി കൃഷ്ണകുമാർ (ഏപ്രിൽ 29), ജസ്റ്റിസ് കെ.വി ജയകുമാർ (ഏപ്രിൽ 25), ജസ്റ്റിസ് മുരളീകൃഷ്ണ എസ് (ഏപ്രിൽ 22), ജസ്റ്റിസ് ജോബിൻ സെബാസ്റ്റ്യൻ (ഏപ്രിൽ 25) എന്നിവരെ അവധിക്കാല ജഡ്ജിമാരായി നാമനിർദ്ദേശം ചെയ്തു.

## കേരള ലോകായുക്ത രജിസ്ട്രാർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു

കേരള ലോകായുക്തയിലെ രജിസ്ട്രാർ തസ്തികയിലേക്ക് കേരള ഹയർ ജുഡീഷ്യൽ സർവീസിൽ നിന്ന് ജില്ലാ ജഡ്ജിയായി വിരമിച്ച ജുഡീഷ്യൽ ഓഫീസർമാരിൽ നിന്ന് പുനർനിയമന അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. രണ്ട് വർഷമാണ് കാലാവധി. പ്രായപരിധി 68 വയസ്. കോടതി ഭരണകാര്യങ്ങളിൽ നൈപുണ്യവും നിയമപരിജ്ഞാനവുമുള്ളവർക്ക് മുൻഗണനയുണ്ടാവും. തിരഞ്ഞെടുക്കുന്ന അപേക്ഷകരെ തെരഞ്ഞെടുപ്പ് കമ്മിറ്റി മുമ്പാകെ അഭിമുഖത്തിന് ക്ഷണിക്കും. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ മേയ് 3 ന് മുൻപായി രജിസ്ട്രാർ ഇൻ-ചാർജ്, കേരള ലോകായുക്ത ഓഫീസ്, വികസ്ഭവൻ പി.ഒ., തിരുവനന്തപുരം - 695033 എന്ന വിലാസത്തിൽ ലഭിക്കണം. വിശദ വിവരങ്ങൾക്ക്: 0471 2300362, വെബ്സൈറ്റ്: www.lokayuktakerala.gov.in.

## ദർഘാസ് ക്ഷണിച്ചു

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് കാമ്പസ്. പാങ്ങപ്പാറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പാങ്ങപ്പാറ സബ് സെന്റർ എന്നിവിടങ്ങളിലെ ക്വാർട്ടേഴ്സിനോട് ചേർന്ന് നില്കുന്ന ഫലവൃക്ഷങ്ങൾ ഒഴികെയുള്ളവയിൽ നിന്നും 01.06.2025 മുതൽ 31.05.2026 വരെയുള്ള ഒരു വർഷക്കാലം ആദായമെടുക്കുന്നതിന് ദർഘാസുകൾ ക്ഷണിച്ചു. വിശദ വിവരങ്ങൾക്ക് : ഫോൺ 0471 2528855, 2528055.

## 56 ആശയങ്ങൾ, വൃത്തി - വേസ്റ്റത്തോണിന് മികച്ച പ്രതികരണം

വൃത്തി കോൺക്ലേവിനോടനുബന്ധിച്ച് മാലിന്യ സംസ്കരണ മേഖലയിലെ പുതിയ കണ്ടുപിടിത്തങ്ങളും ഗവേഷണങ്ങളും പ്രോൽസാഹിപ്പിക്കുന്നതിനായി സംഘടിപ്പിച്ച വേസ്റ്റത്തോണിന് ലഭിച്ചത് മികച്ച പ്രതികരണം.വിദ്യാർഥികൾ, സ്റ്റാർട്ടപ്പുകൾ, സ്ഥാപനങ്ങളും പൊതുജനങ്ങളും എന്നിങ്ങനെ മൂന്നു വിഭാഗങ്ങളിലായി നടത്തിയ മൽസരത്തിൽ സ്റ്റാർട്ടപ്പുകളിൽ നിന്ന് 21, വിദ്യാർഥികളിൽ നിന്ന് 23, സ്ഥാപനങ്ങളും പൊതുജനങ്ങളും എന്ന വിഭാഗത്തിൽ നിന്ന് 12 ഉൾപ്പെടെ ആകെ 56 ആശയങ്ങളാണ് ലഭിച്ചത്. വിദ്യാർഥികളുടെ വിഭാഗത്തിൽ മൽസരിച്ച തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളജിലെ എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് ബിരുദാനന്തര ബിരുദ വിദ്യാർഥി ധനുഷ് വിജയ് ഒന്നാം സമ്മാനമായ ഒരു ലക്ഷം രൂപയ്ക്ക് അർഹനായി.ഇതിന് പുറമെ വിവിധ വിഭാഗങ്ങളിലായി ഖരമാലിന്യ സംസ്കരണ മേഖലയിൽ അഞ്ചും ദ്രവ മാലിന്യ സംസ്കരണ മേഖലയിൽ മൂന്നും ആശയങ്ങൾക്ക് അവയുടെ തുടർ ഗവേഷണ വികസന സാധ്യതകൾ പരിഗണിച്ച് പ്രോൽസാഹന സമ്മാനങ്ങൾ നല്കിയിട്ടുണ്ട്.

ഡോ. ജെന്നിഫർ ജോസഫ് (ബ്ലൂനോവ എക്കോ ഹബ്), സൗരബ് സാക്കറേയും സംഘവും (സിഎസ്ഐആർ-എൻഐഐഎസ്ടി), മുഹമ്മദ് ഇക്ബാൽ ടി (ചെന്നൈ ഐഐടി), മാത്യു സെബാസ്റ്റിയൻ (ലിവിംഗ് വാട്ടർഫൈൻ ടെക്നോളജീസ്), ശരവണൻ ജി (എൻഐടി തിരുച്ചിറപ്പള്ളി), ആഷിഷ് ഷാജനും സംഘവും (സെയിന്റ്ഗിറ്റ്സ് കോളജ് കോട്ടയം), നിതിൻ അനിൽ (ടീംസ്റ്റാർബേസ്), ദിലീപ് മാത്യു പോൾ (വിവിഫിക്ക സസ്റ്റെയ്നബിൾ സൊല്യൂഷൻസ്) എന്നിവർ 25,000 രൂപ വീതമുള്ള പ്രോൽസാഹന സമ്മാനത്തിന് അർഹരായി.

## കേരള പുരസ്കാരം : നാമനിർദ്ദേശങ്ങൾ സമർപ്പിക്കാം

വിവിധ മേഖലകളിൽ സമൂഹത്തിന് സമഗ്രസംഭാവനകൾ നൽകിയിട്ടുള്ള വിശിഷ്ട വ്യക്തിത്വങ്ങളെ ആദരിക്കുന്നതിനായി 'കേരള പുരസ്കാരങ്ങൾ' എന്ന പേരിൽ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ പരമോന്നത പുരസ്കാരങ്ങൾക്കായി നാമനിർദേശങ്ങൾ ക്ഷണിച്ചു.

'കേരള ജ്യോതി', 'കേരള പ്രഭ', 'കേരള ശ്രീ' എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായാണ് കേരള പുരസ്കാരങ്ങൾ നൽകുന്നത്. നാമനിർദ്ദേശങ്ങൾ ഓൺലൈനായി https://keralapuraskaram.kerala.gov.in വെബ്സൈറ്റ് മുഖേന ജൂൺ 30 നകം സമർപ്പിക്കണം.

ഓൺലൈൻ മുഖേനയല്ലാതെ നേരിട്ട് ലഭിക്കുന്ന നാമനിർദ്ദേശങ്ങൾ പരിഗണിക്കില്ല. കേരള പുരസ്കാരങ്ങൾ സംബന്ധിച്ച മാർഗനിർദ്ദേശങ്ങളും നാമനിർദേശം ഓൺലൈനായി സമർപ്പിക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങളും http://keralapuraskaram.kerala.gov.in വെബ്സൈറ്റിൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് : 0471 2518531, 0471 2518223. സാങ്കേതിക സഹായങ്ങൾക്ക് : 0471 2525444.

## അപേക്ഷ ക്ഷണിച്ചു

ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ അസാപ് കേരളയുടെ കഴക്കൂട്ടം കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ ഫിറ്റ്നസ് ട്രെയിനർ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ഏപ്രിൽ 25ന് വൈകിട്ട് 5 ന് മുമ്പ് ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും https://csp.asapkerala.gov.in/courses/general-fitness-trainer എന്ന ലിങ്ക് സന്ദർശിക്കുക. ഫോൺ : 9495999693.

## താൽക്കാലിക ഒഴിവ്

സംസ്ഥാനത്തെ ഒരു സർക്കാർ കോളേജിൽ ലെക്ചറർ (ഗ്രാഫിക്സ്) തസ്തികയിൽ ഇ.റ്റി.ബി (ഈഴവ, തിയ്യ, ബില്ലവ) വിഭാഗത്തിന് സംരണം ചെയ്തിട്ടുള്ള ഒരു താൽക്കാലിക ഒഴിവ് നിലവിലുണ്ട്. ഇ.ടി.ബി വിഭാഗത്തിലെ ഉദ്യോഗാർഥികളുടെ അഭാവത്തിൽ മറ്റ് വിഭാഗത്തിലെ/ ഓപ്പൺ വിഭാഗത്തിലെ ഉദ്യോഗാർഥികളെ സംവരണക്രമത്തിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കും. ഗ്രാഫിക്സിൽ 55 ശതമാനം മാർക്കിൽ കുറയാത്ത ഫസ്റ്റ്/സെക്കന്റ് ക്ലാസ് അല്ലെങ്കിൽ ഗ്രാഫിക്സിൽ സെക്കന്റ് ക്ലാസ് ബിരുദാനന്തര ബിരുദം അല്ലെങ്കിൽ അംഗീകൃത യൂണിവേഴ്സിറ്റി സ്ഥാപനത്തിൽ നിന്നുള്ള ബിരുദത്തിന് തുല്യമായ ഡിപ്ലോമ (55 ശതമാനത്തിൽ കുറയാത്ത മാർക്ക് വേണം) യാണ് യോഗ്യത. പ്രായപരിധി 20 മുതൽ 50 വരെ. 01.01.2023 ന് 50 വയസു കവിയാൻ പാടില്ല. നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർഥികൾ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുമായി ഏപ്രിൽ 19 നകം ബന്ധപ്പെട്ട പ്രൊഫഷണൽ ആൻഡ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നേരിട്ട് ഹാജരാകണം.

## സ്പോർട്സ് ക്വാട്ട: അപേക്ഷ ക്ഷണിച്ചു

കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ കീഴിൽ 2025-26 അധ്യയന വർഷത്തിൽ ആരംഭിക്കുന്ന വിവിധ കോഴ്സുകൾക്ക് കായിക താരങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അപേക്ഷ ക്ഷണിച്ചു. സ്പോർട്സ് ക്വാട്ട അഡ്മിഷനുകളിലേക്കായി എൻട്രൻസ് എക്സാമിനേഷൻസ് കമ്മീഷണർ പുറപ്പെടുവിച്ചിട്ടുള്ള പ്രോസ്പെക്ടസിലെ 19.7 (പേജ് 115 ആൻഡ് 116) പ്രകാരം നിശ്ചയിച്ച് നൽകിയിട്ടുള്ള യോഗ്യതയ്ക്ക് അനുസരിച്ച് അപേക്ഷിക്കാം.

2023 ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസ ജില്ലയെ പ്രതിനിധീകരിച്ച് സംസ്ഥാന സ്കൂൾ ചാംപ്യൻഷിപ്പിൽ മത്സരങ്ങളിൽ പങ്കെടുത്ത് നേടുന്ന മൂന്നാം സ്ഥാനമാണ് സ്പോർട്സ് ക്വാട്ട പ്രവേശനത്തിനുള്ള കുറഞ്ഞ യോഗ്യത. 10.02.2020 ലെ സർക്കാർ ഉത്തരവ് 42/2020/കാ.യു.വ പ്രകാരം അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് മാർക്കുകൾ നിശ്ചയിക്കുന്നത്. അപേക്ഷകർ സ്പോർട്സ് നിലവാരം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, മുൻഗണനാക്രമത്തിൽ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യണം. അപേക്ഷകൾ സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, സ്റ്റാച്യൂ, തിരുവനന്തപുരം 695001 എന്ന വിലാസത്തിൽ ഏപ്രിൽ 30 ന് മുൻപായി ലഭിക്കണം.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. അപൂർണ്ണമായതും നിശ്ചിത തീയതിക്കുശേഷം ലഭിക്കുന്നതുമായ അപേക്ഷകൾ പരിഗണിക്കില്ല.

## സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ താൽകാലിക തസ്തികകളിൽ ഒഴിവ്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർ ആൻഡ് പ്രോഗ്രാമിങ് അസിസ്റ്റന്റ് തസ്തികയിലേക്കും ക്ലീനിങ് ജോലികൾക്കും ഒഴിവ്.

പ്രസ്തുത തസ്തികകളിലേക്ക് താൽകാലിക ദിവസ വേതന അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള കൂടിക്കാഴ്ച ഏപ്രിൽ 22 രാവിലെ 10:30ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നടത്തും.

കമ്പ്യൂട്ടർ ഓപ്പറേറ്റർ ആൻഡ് പ്രോഗ്രാമിങ് അസിസ്റ്റന്റ് തസ്തികയിലേക്കാവശ്യമായ യോഗ്യത പ്ലസ് ടു, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ അപ്ലിക്കേഷൻ അല്ലെങ്കിൽ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ എൻജിനിയറിങ്. ആറ് വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയവും ആവശ്യമാണ്.

സ്വീപ്പർ തസ്തികയിൽ ഏട്ടാം ക്ലാസ് ആണ് യോഗ്യത. യോഗ്യതയുള്ള ഉദ്യോഗാർഥികൾ അസ്സൽ സർട്ടിഫിക്കറ്റും പകർപ്പും ഹാജരാക്കണം.

## സിവിൽ സർവീസ് പരീക്ഷാ പരിശീലനം

കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയുടെ തിരുവനന്തപുരം, കൊല്ലം, ആലുവ (എറണാകുളം), പാലക്കാട്, പൊന്നാനി (മലപ്പുറം) കോഴിക്കോട്, കല്യാശേരി (കണ്ണൂർ) കേന്ദ്രങ്ങളിൽ ജൂൺ 2 ന് ആരംഭിക്കുന്ന സിവിൽ സർവ്വീസ് പ്രിലിംസ് കം മെയിൻസ് (പി.സി.എം) പരീക്ഷ പരിശീലന ക്ലാസിലേക്കുള്ള അപേക്ഷ ക്ഷണിച്ചു. https://kscsa.org യിലൂടെ രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക്: തിരുവനന്തപുരം-8281098863, 0471-2313065, 2311654, 8281098861, 8281098864, കൊല്ലം- 8281098867, മൂവാറ്റുപുഴ-8281098873, പൊന്നാനി-0494-2665489, 8281098868, പാലക്കാട്-0491-2576100, 8281098869, കോഴിക്കോട് -0494-2386400, 8281098870, കല്യാശേരി - 8281098875

## മുങ്ങിയ മുൻസൈനികൻ 20 വർഷത്തിന് ശേഷം പിടിയിൽ

ന്യൂഡൽഹി: ഭാര്യയെ കൊലപ്പെടുത്തിയ കേസിൽ ജയിൽ ശിക്ഷയ്ക്കിടെ പരോളിന് ഇറങ്ങി മുങ്ങിയയാൾ 20 വർഷത്തിന് ശേഷം പിടിയിൽ. വിരമിച്ച സൈനിക ഉദ്യോഗസ്ഥനായ അനിൽ കുമാർ തിവാരിയാണ് പിടിയിലായത്.

ഡൽഹിയിലാണ് സംഭവം. 2005 ൽ ജയിലിൽ നിന്നും പരോൾ ലഭിച്ച് പുറത്തിറങ്ങിയ ഇയാളെ ക്രൈംബ്രാഞ്ചാണ് പിടികൂടിയത്. 1989 മേയ് 31 ന് അനിൽ കുമാർ തിവാരി അറസ്റ്റിലായി. കോടതി അദ്ദേഹത്തിന് ജീവപര്യന്തം തടവ് ശിക്ഷ വിധിച്ചു.

2005 നവംബർ 21 ന് ഡൽഹി ഹൈക്കോടതി അദ്ദേഹത്തിന് രണ്ടാഴ്ചത്തെ പരോൾ അനുവദിച്ചു. പുറത്തിറങ്ങിയ അനിൽ കുമാർ പിന്നീട് മടങ്ങിയെത്തിയില്ല.

അടുത്തിടെ ക്രൈംബ്രാഞ്ച് സംഘം പ്രയാഗ്രാജിലും തുടർന്ന് അദ്ദേഹത്തിന്റെ ഗ്രാമത്തിന് ചുറ്റും അന്വേഷണം നടത്തിയിരുന്നു. ഇതിനിടെ ഇയാളെ കാണുകയും ചെയ്തു. തുടർന്ന് മധ്യപ്രദേശിലെ സിദ്ധി ജില്ലയിലെ ചുർഹട്ട് ഗ്രാമത്തിൽ നടത്തിയ തിരച്ചിലിലാണ് ഇയാളെ പിടികൂടിയത്.

ചോദ്യം ചെയ്യലിൽ, പോലീസ് തന്നെ അന്വേഷിക്കുന്നുണ്ടെന്ന് അറിയാമായിരുന്നുവെന്നും അതിനാൽ താൻ ഒരിക്കലും മൊബൈൽ ഫോൺ ഉപയോഗിച്ചിരുന്നില്ലെന്നും തൻറെ ഒളിത്താവളവും ജോലിസ്ഥലവും മാറിമാറി ഉപയോഗിച്ചിരുന്നതായും അനിൽ തിവാരി പറഞ്ഞു.

ഡ്രൈവറായി ജോലി ചെയ്തിരുന്ന അദ്ദേഹം പണം കൈയിലാണ് വാങ്ങിയിരുന്നത്. ഇയാൾക്ക് സ്വന്തമായി ബാങ്ക് അക്കൗണ്ട് ഉണ്ടായിരുന്നില്ല. ഒളിവിൽ കഴിയുന്നതിനിടയിൽ അയാൾ വീണ്ടും വിവാഹം കഴിച്ചു. ഇപ്പോൾ അദ്ദേഹത്തിന് നാല് കുട്ടികളുണ്ട്.

## അഡ്മിറ്റ്കാർഡുകൾ ഓൺലൈനായി ലഭ്യമാക്കി

ഏപ്രിൽ 23 മുതൽ 29 വരെ കേരളത്തിലെ വിവിധ കേന്ദ്രങ്ങളിലും മുംബൈ, ന്യൂഡൽഹി, ചെന്നൈ, ബംഗളുരു, ദുബായ് എന്നിവിടങ്ങളിലും നടത്തുന്ന കേരള എൻജിനിയറിങ്, ഫാർമസി പ്രവേശന പരീക്ഷയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിച്ച വിദ്യാർഥികൾക്കുള്ള അഡ്മിറ്റ് കാർഡുകൾ www.cee.kerala.gov.in വെബ്സൈറ്റിലെ 'KEAM 2025-Candidate Portal' ലിങ്ക് വഴി ഡൗൺലോഡ് ചെയ്തെടുക്കാം.ഫോട്ടോഗ്രാഫ്, ഒപ്പ്, ക്ലാസ് സർട്ടിഫിക്കറ്റ് അപ്ലോഡ് ചെയ്യാത്തവരുടെയും, അപേക്ഷാഫീസിന്റെ ബാക്കി തുക ഒടുക്കാനുള്ളവരുടെയും അഡ്മിറ്റ് കാർഡ് പോർട്ടലിൽ ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിന് ഏപ്രിൽ 21 വൈകുന്നേരം 4 മണിവരെ Candidate Portal ൽ അവസരമുണ്ട്. വിശദ വിവരങ്ങൾക്ക് www.cee.kerala.gov.in സന്ദർശിക്കുക. ഹെൽപ് ലൈൻ നമ്പർ: 0471-2332120, 2525300.

## അപേക്ഷ ക്ഷണിച്ചു

വിദേശത്ത് മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ വിദ്യാർഥികളിൽ നിന്നും സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലും, സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലും ക്ലിനിക്കൽ ക്ലർക്ക്ഷിപ്പും തുടർന്ന് ഇന്റേൺഷിപ്പും ചെയ്യുന്നതിനുള്ള അപേക്ഷ ക്ഷണിച്ചു. നോട്ടിഫിക്കേഷനും അപേക്ഷ ഫോമിനും www.dme.kerala.gov.in സന്ദർശിക്കുക. ബന്ധപ്പെടേണ്ട ഇ-മെയിൽ വിലാസം : fmginternkerala.@gmail.com.

# വേനൽക്കാലത്ത് അമീബിക്ക് മസ്തിഷ്ക ജ്വരത്തിനെതിരെ പ്രത്യേക ജാഗ്രത

## സ്വിമ്മിംഗ് പൂളുകൾ, അമ്യൂസ്മെന്റ് പാർക്കുകൾ എന്നിവിടങ്ങളിലെ വെള്ളം ക്ലോറിനേറ്റ് ചെയ്ത് ശുദ്ധമാക്കണം

വേനൽക്കാലമായതിനാൽ അമീബിക്ക് മസ്തിഷ്ക ജ്വരത്തിനെതിരെ (അമീബിക്ക് മെനിഞ്ചോഎൻസെഫലൈറ്റിസ്) പ്രത്യേക ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. വേനൽക്കാലത്ത് ജല സ്രോതസുകളിൽ വെള്ളത്തിന്റെ അളവ് കുറയുന്നത് കാരണം ചെളിയിലെ അമീബയുമായി സമ്പർക്കം കൂടുതലുണ്ടാകാൻ സാധ്യതയുണ്ട്. അതിനാൽ കുളങ്ങളിലോ ജലാശയങ്ങളിലോ കുളിക്കുന്നവർ ശ്രദ്ധിക്കണം. വാട്ടർ ടാങ്കുകൾ ചെളി കെട്ടിക്കിടക്കാതെ വൃത്തിയാക്കണം. സ്വിമ്മിംഗ് പൂളുകൾ, അമ്യൂസ്മെന്റ് പാർക്കുകൾ എന്നിവിടങ്ങളിലെ വെള്ളം ക്ലോറിനേറ്റ് ചെയ്ത് ശുദ്ധമാക്കണം. ഇത്തരം ജലവുമായി ഏതെങ്കിലും രീതിയിൽ സമ്പർക്കം ഉണ്ടായിട്ടുള്ളവർക്ക് തീവ്രമായ തലവേദന, പനി, ഓക്കാനം, ഛർദി, കഴുത്ത് തിരിക്കാനുള്ള ബുദ്ധിമുട്ട് തുടങ്ങിയ രോഗലക്ഷണങ്ങൾ കണ്ടാൽ ഉടനടി അക്കാര്യം പറഞ്ഞ് ചികിത്സ തേടേണ്ടതാണെന്നും മന്ത്രി അഭ്യർത്ഥിച്ചു.സംസ്ഥാനത്ത് ഇപ്പോഴും അമീബിക്ക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്യുന്നുണ്ട്. 2024ൽ 38 കേസുകളും 8 മരണവും 2025ൽ 12 കേസുകളും 5 മരണവും ഉണ്ടായിട്ടുണ്ട്. ആരംഭ സമയത്ത് കൃത്യമായി രോഗം തിരിച്ചറിഞ്ഞ് ചികിത്സിക്കുന്നത് കൊണ്ടാണ് അവരിൽ ഭൂരിഭാഗം പേരേയും രക്ഷിക്കാനായത്. എന്നാൽ നമ്മൾ മനസിലാക്കേണ്ട കാര്യം ആഗോള തലത്തിൽ 97 ശതമാനം മരണ നിരക്കുള്ള രോഗമാണിത്.

മികച്ച പ്രവർത്തനങ്ങളിലൂടെ കേരളത്തിലെ മരണ നിരക്ക് 25 ശതമാനമാക്കി കുറയ്ക്കാൻ സാധിച്ചു. ലോകത്ത് തന്നെ ഇത്തരത്തിൽ രോഗമുക്തി കൈവരിച്ചിട്ടുള്ളത് 11 പേർ മാത്രമാണ്. അതേസമയം കേരളത്തിൽ 37 പേരെ രക്ഷിക്കാനായി. മസ്തിഷ്ക ജ്വരം സംശയിക്കുന്ന എല്ലാ രോഗികളിലും അമീബിക്ക് മസ്തിഷ്ക ജ്വരം നിർണയിക്കാനുള്ള പരിശോധന കൂടി നടത്താൻ ആരോഗ്യ വകുപ്പ് നിർദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് പല ജില്ലകളിൽ അമീബിക് മസ്തിഷ്ക ജ്വരം സ്ഥീരികരിച്ച സാഹചര്യത്തിൽ രാജ്യത്ത് ആദ്യമായി ഏകാരോഗ്യ സമീപനത്തിലൂന്നിയ ഗവേഷണ പ്രവർത്തനങ്ങൾ കേരളം ആരംഭിച്ചു. ഇതിനായി കേരളത്തിലേയും ഐ.സി.എം.ആർ., ഐ.എ.വി., പോണ്ടിച്ചേരി എവി ഇൻസ്റ്റിറ്റ്യൂട്ട്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയിലേയും വിദഗ്ധരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ടെക്നിക്കൽ വർക്ക്ഷോപ്പ് സംഘടിപ്പിച്ച് തുടർ പ്രവർത്തനങ്ങൾ സ്വീകരിച്ചു.

ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പായൽ പിടിച്ചു കിടക്കുന്നതോ മൃഗങ്ങളെ കുളിപ്പിക്കുന്നതോ മാലിന്യമുള്ളതോ ആയ കുളങ്ങളിലെ വെള്ളത്തിൽ കുളിക്കുകയോ മുഖം കഴുകുകയോ ചെയ്യരുത്.വർഷങ്ങളായി വൃത്തിയാക്കാത്ത വാട്ടർ ടാങ്കിലെ വെള്ളം ഉപയോഗിക്കുന്നവരും ശ്രദ്ധിക്കണം. ചെളി കെട്ടിക്കിടക്കുന്ന വെള്ളത്തിൽ അമീബ ഉണ്ടോയേക്കാം.

മൂക്കിൽ ശസ്ത്രക്രിയയ്ക്ക് വിധേയമായവർ, തലയിൽ ക്ഷതമേറ്റവർ, തലയിൽ ശസ്ത്രക്രിയ്ക്ക് വിധേയമായവർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കണം.

ചെവിയിൽ പഴുപ്പുള്ളവർ കുളത്തിലും തോട്ടിലും കെട്ടിക്കിടക്കുന്ന വെള്ളത്തിലും മറ്റും കുളിക്കാൻ പാടില്ല.

കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കുളിക്കുന്നതും വെള്ളത്തിൽ ഡൈവ് ചെയ്യുന്നതും പരമാവധി ഒഴിവാക്കണം.വാട്ടർ തീം പാർക്കുകളിലേയും സ്വിമ്മിംഗ് പൂളുകളിലേയും വെള്ളം കൃത്യമായി ക്ലോറിനേറ്റ് ചെയ്ത് ശുദ്ധമാണെന്ന് ഉറപ്പാക്കണം.

മൂക്കിലേക്ക് വെള്ളം ഒഴിക്കുകയോ ഒരു തരത്തിലും വലിച്ചു കയറ്റുകയോ ചെയ്യരുത്.മൂക്കിൽ വെള്ളം കയറാതിരിക്കാൻ നേസൽ ക്ലിപ്പ് ഉപയോഗിക്കുക.

# നാഷണൽ ഹെറാൾഡ് കേസ്; ഇഡി കുറ്റപ്പത്രം സമർപ്പിച്ചു

ന്യൂഡൽഹി: നാഷണൽ ഹെറാൾഡ് കേസിൽ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് കുറ്റപത്രം സമർപ്പിച്ചു. കോൺഗ്രസ് നേതാക്കളായ സോണിയ ഗാന്ധി, രാഹുൽ ഗാന്ധി, സാം പിത്രോദ എന്നിവർക്കെതിരേയാണ് കുറ്റപത്രം സമർപ്പിച്ചത്.

ഡൽഹി റൗസ് അവന്യൂ കോടതിയിലാണ് കുറ്റപ്പത്രം സമർപ്പിച്ചത്. കേസ് 25ന് കോടതി പരിഗണിക്കും. നാഷണൽ ഹെറാൾഡ് പത്രത്തിൻറെ ഉടമസ്ഥരായ അസോസിയേറ്റഡ് ജേർണൽസിൻറെ കോടികൾ വില വരുന്ന സ്വത്തുക്കൾ യംഗ് ഇന്ത്യൻ എന്ന കമ്പനി തട്ടിയെടുത്തുവെന്നാണ് കേസ്.

സോണിയാ ഗാന്ധിയും രാഹുൽ ഗാന്ധിയുമാണ് യംഗ് ഇന്ത്യൻ എന്ന കമ്പനിയുടെ ഡയറക്ടർമാർ. ബിജെപി നേതാവ് സുബ്രഹ്മണ്യൻ സ്വാമിയുടെ പരാതിയിലാണ് ഇഡി കേസെടുത്തത്. നാഷണൽ ഹെറാൾഡ് കേസുമായി ബന്ധപ്പെട്ട് സോണിയ ഗാന്ധിയെയും രാഹുൽ ഗാന്ധിയെയും ഇഡി നേരത്തേ ചോദ്യംചെയ്തിരുന്നു.

കഴിഞ്ഞ ശനിയാഴ്ച നാഷണൽ ഹെറാൾഡിൻറെ 661 കോടി രൂപയുടെ സ്വത്ത് കണ്ടുകെട്ടാനുള്ള നടപടികളും ഇഡി ആരംഭിച്ചിരുന്നു. ഇതിനുപിന്നാലെയാണ് കേസിൽ കുറ്റപത്രം സമർപ്പിച്ചിരിക്കുന്നത്.

# പാലക്കാട്ട് കെഎസ്ആർടിസിയും ഓട്ടോയും കൂട്ടിയിടിച്ച് അപകടം; രണ്ട് പേർ മരിച്ചു

പാലക്കാട്: എലപ്പുള്ളിയിൽ കെഎസ്ആർടിസി ബസും ഓട്ടോറിക്ഷയും കൂട്ടിയിടിച്ച് രണ്ട് പേർ മരിച്ചു. ഓട്ടോറിക്ഷ ഡ്രൈവർ മായംകുളം സ്വദേശി അബ്ബാസ്, ഓട്ടോയിൽ യാത്ര ചെയ്തിരുന്ന എലപ്പുള്ളി സ്വദേശി സെയ്ദ് മുഹമ്മദ് എന്നിവരാണ് മരിച്ചത്.ഓട്ടോറിക്ഷയിൽ ഉണ്ടായിരുന്ന മറ്റ് രണ്ട് പേർക്ക് ഗുരുതര പരിക്കുണ്ട്. ഇവരെ പാലക്കാട് ജില്ലാ ആശുപത്രിയിലേക്ക് മാറ്റി. ഇന്ന് രാവിലെ വള്ളേക്കുളത്തുവച്ചാണ് അപകടം.പാലക്കാട് ഭാഗത്തേക്ക് പോവുകയായിരുന്ന ഓട്ടോറിക്ഷ പൊള്ളാച്ചിയിലേക്ക് പോവുകയായിരുന്ന കെഎസ്ആർടിസി ബസുമായി കൂട്ടിയിടിക്കുകയായിരുന്നു.

# ബി.എൽ.ഒ മാർക്ക് പരിശീലനം നൽകി

നിലമ്പൂർ ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് 2025 ലെ പ്രത്യേക സംക്ഷിപ്ത വോട്ടർ പട്ടിക പുതുക്കലിന്റെ ഭാഗമായി അധികമായി 59 പുതിയ പോളിംഗ് ബൂത്തുകൾ രൂപീകരിച്ചിരുന്നു. പുതിയ പോളിംഗ് സ്റ്റേഷനുകളിലേയ്ക്ക് നിയമിച്ച ബി.എൽ.ഒമാർക്ക് ഏപ്രിൽ 15ന് രാവിലെ 10.30 ന് നിലമ്പൂർ ബ്ലോക്ക് ഓഫീസ് കോൺഫറൻസ് ഹാളിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. പരിശീലന പരിപാടി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഓൺലൈനായി ഉദ്ഘാടനം ചെയ്തു. പരിശീലനത്തിൽ 49 ബി.എൽ.ഒ മാർ പങ്കെടുത്തു. നിലമ്പൂർ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ സുരേഷ്.പി, ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ സനീറ.പി.എം. എന്നിവർ പങ്കെടുത്തു.

# പാരാലീഗൽ വോളണ്ടിയർ നിയമനം

കുട്ടികളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ, കാണാതാകൽ തുടങ്ങിയ കേസുകളിൽ നിയമസഹായം നൽകുന്നതിന് പാരാലീഗൽ വോളണ്ടിയർമാരുടെ നിയമനത്തിന് തിരുവനന്തപുരം ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി അപേക്ഷ ക്ഷണിച്ചു. പത്താം ക്ലാസ് അല്ലെങ്കിൽ തത്തുല്യമാണ് യോഗ്യത. ബിരുദം, ബിരുദാനന്തര ബിരുദം, കമ്പ്യൂട്ടർ പരിജ്ഞാനം ഉള്ളവർക്ക് മുൻഗണന ലഭിക്കും. പോലീസ് സ്റ്റേഷനുകളിലെ ചുമതലകൾ നിർവഹിക്കുന്നതിന് ഡിഗ്രി, എംഎസ്ഡബ്ല്യു ഉൾപ്പെടെയുള്ള ഉന്നത ബിരുദങ്ങൾ അധിക യോഗ്യതയായി കണക്കാക്കും. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഏപ്രിൽ 24 വൈകുന്നേരം 5 മണി. ഇന്റർവ്യൂ തീയതി ഏപ്രിൽ 29. അപേക്ഷകൾ തിരുവനന്തപുരം ജില്ലാ ലീഗൽ സർവീസ് അതോറിറ്റി ഓഫീസ്, എഡിആർ സെന്റർ, ജില്ലാ കോടതി കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം എന്ന വിലാസത്തിൽ സമർപ്പിക്കാം.

# ഡിഗ്രി പ്രവേശനം : വിവരങ്ങൾ പ്രസിദ്ധീകരിച്ചു

കണ്ണൂർ പറശ്ശിനിക്കടവ് എം.വി.ആർ ആയുർവേദ മെഡിക്കൽ കോളേജിൽ കേരള ആരോഗ്യ സർവ്വകലാശാല (ഗഡഒട) അംഗീകരിച്ച 20242024 വർഷത്തെ ബി.എസ്.സി. നേഴ്സിംഗ്(ആയുർവേദം), ബി.ഫാം(ആയുർവേദം) കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് അപേക്ഷിച്ചവരുടെ പ്രാഥമിക പരിശോധനയ്ക്കു ശേഷമുള്ള സ്വീകാര്യമായ വ്യക്തിഗത അക്കാദമിക വിവരങ്ങൾ www.lbscentre.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. അപേക്ഷാർത്ഥികൾ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് പരിശോധിച്ച് ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ ഏപ്രിൽ 19 വൈകിട്ട് 5 ന് മുൻപ് ഓൺലൈനായി അപ്‌ലോഡ് ചെയ്യണം. പുതിയ ക്ലെയിമുകൾ നൽകുവാൻ സാധിക്കുകയില്ല. ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ അപ്‌ലോഡ് ചെയ്യാത്തവരുടെ ക്ലെയിം / അപേക്ഷ നിരസിക്കപ്പെടും. കൂടുതൽ വിവരങ്ങൾക്ക് : 0471 2560361, 362, 363, 364.

# ബംഗാൾ സംഘർഷങ്ങളിൽ കോടതി മേൽനോട്ടത്തിൽ അന്വേഷണം വേണം: സുപ്രീം കോടതിയിൽ ഹർജികൾ

ന്യൂഡൽഹി: പശ്ചിമ ബംഗാളിൽ വഖഫ് ഭേദഗതി നിയമത്തിനെതിരായ പ്രതിഷേധം മറ്റ് പ്രദേശങ്ങളിലേക്കും വ്യാപിച്ചതിനു പിന്നാലെ വിഷയത്തിൽ കോടതി മേൽനോട്ടത്തിൽ അന്വേഷണം ആവശ്യപ്പെട്ട് സുപ്രീം കോടതിയിൽ ഹർജികൾ.അഭിഭാഷകരായ ശശാങ്ക് ശേഖർ ഝാ, വിശാൽ തിവാരി എന്നിവരാണ് പൊതുതാത്പര്യ ഹർജികൾ സമർപ്പിച്ചത്. അക്രമ കേസുകൾ അന്വേഷിക്കാൻ പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കണമെന്നാണ് ശേഖർ ഝാ ഹർജിയിൽ ആവശ്യപ്പെട്ടത്. അതേസമയം, അക്രമ സംഭവങ്ങളെക്കുറിച്ച് സുപ്രീം കോടതി മുൻ ജഡ്ജിയുടെ നേതൃത്വത്തിൽ അഞ്ചംഗ ജുഡീഷൽ അന്വേഷണ കമ്മീഷൻ രൂപീകരിച്ച് അന്വേഷണം ആരംഭിക്കണമെന്ന് വിശാൽ തിവാരി ഹർജിയിൽ ആവശ്യപ്പെട്ടു.കഴിഞ്ഞ വെള്ളിയാഴ്ച മുർഷിദാബാദ് ജില്ലയിലെ ധൂലിയനിൽ വഖഫ് ഭേദഗതിക്കെതിരായ പ്രതിഷേധത്തിനിടെയുണ്ടായ വ്യാപക സംഘർഷത്തിൽ മൂന്നുപേർ കൊല്ലപ്പെടുകയും നിരവധിപേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു.പിന്നാലെ, തിങ്കളാഴ്ച സൗത്ത് 24 പർഗാനാസ് ജില്ലയിലെ ഭംഗറിൽ പ്രതിഷേധക്കാരും പോലീസും ഏറ്റുമുട്ടി. നിരവധി പേർക്ക് പരിക്കേൽക്കുകയും നിരവധി പോലീസ് വാഹനങ്ങൾ കത്തിക്കുകയും ചെയ്തിരുന്നു.

# ബംഗളുരുവിൽ വൻ മയക്കുമരുന്ന് വേട്ട; ഒമ്പത് മലയാളികൾ അടക്കം പത്ത് പേർ അറസ്റ്റിൽ

ബംഗളുരു: ബംഗളൂരുവിൽ മൂന്ന് ഇടങ്ങളിൽനിന്നായി 6.77 കോടി രൂപ വില വരുന്ന ലഹരിവസ്തുക്കൾ പിടിച്ചെടുത്തു. സംഭവത്തിൽ ഒന്പത് മലയാളികളും ഒരു വിദേശപൗരനും അറസ്റ്റിലായിട്ടുണ്ട്. അറസ്റ്റിലായവരുടെ പേരുവിവരങ്ങൾ പുറത്തുവന്നിട്ടില്ല.

മൂന്ന് വ്യത്യസ്ത സംഭവങ്ങളിലായാണ് മലയാളികൾ ഉൾപ്പെടെയുള്ളവർ പിടിയിലായത്. ഒറ്റയ്ക്ക് മയക്കുമരുന്ന് കടത്തിയതുമായി ബന്ധപ്പെട്ട് മലയാളി പിടിയിലായി. ഇയാളുടെ കൈയിൽ നിന്ന് 3.5 കിലോഗ്രാം ഹൈഡ്രോപോണിക് കഞ്ചാവും രണ്ടുകോടി രൂപയും പിടിച്ചെടുത്തിട്ടുണ്ട്.

എട്ടുപേരടങ്ങുന്ന മലയാളി സംഘത്തിൻറെ കൈയിൽ നിന്നും 27 ലക്ഷം രൂപ വില വരുന്ന 110 ഗ്രാം എംഡിഎംഎയാണ് പിടിച്ചെടുത്തത്. വിദേശപൗരനിൽനിന്ന് നാലരക്കോടി വിലവരുന്ന വിവിധയിനം വിദേശ ലഹരിവസ്തുക്കൾ പിടിച്ചെടുത്തിട്ടുണ്ട്.ഇതെല്ലാം ബംഗളുരുവിൽ കൊണ്ടുവന്ന ശേഷം വാടകയ്ക്ക് മുറിയെടുത്ത് അവിടെ വച്ച് കൂട്ടിയോജിപ്പിച്ച് മറ്റ് ലഹരിപദാർത്ഥങ്ങളാക്കി വീര്യംകൂട്ടി വിൽക്കാനായിരുന്നു ഇവരുടെ പദ്ധതിയെന്ന് പോലീസ് അറിയിച്ചു.

# പാക്ടീസ് ടെസ്റ്റിനുള്ള സൗകര്യം ലഭ്യമാക്കി

ഏപ്രിൽ 23 മുതൽ 29 വരെ നടക്കുന്ന എൻജിനിയറിങ്, ഫാർമസി കോഴ്സുകളിലേക്കുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷയ്ക്ക് (കീം 2025) അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്ക് പരീക്ഷ പ്രാക്ടീസ് ചെയ്യുന്നതിനായി www.cee.kerala.gov.in ടവെബ്സൈറ്റിൽ പ്രാക്ടീസ് ടെസ്റ്റ് ലഭ്യമാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0471-2332120, 2338487.

# കർണാടകയിൽ ചരക്ക് ട്രെയിൻപാളം തെറ്റി

ബംഗളൂരു: കർണാടകയിലെ ബെലഗാവിയിൽ ചരക്ക് ട്രെയിൻ പാളം തെറ്റി. ഇന്ന് രാവിലെ ബെലഗാവിയിൽ നിന്ന് ഹുബ്ബള്ളിയിലേക്ക് പോകുകയായിരുന്ന ട്രെയിനിൻറെ മൂന്ന് കോച്ചുകളാണ് പാളം തെറ്റിയത്.

ബെലഗാവി റെയിൽവേ സ്റ്റേഷനിൽ നിന്ന് ട്രെയിൻ സർവീസ് ആരംഭിച്ച് മിനിറ്റുകൾക്കുള്ളിലാണ് അപകടം സംഭവിച്ചത്. സംഭവത്തിൽ റെയിൽവേ പോലീസ് അന്വേഷണം ആരംഭിച്ചു.

ബെലഗാവി സിറ്റി റെയിൽവേ സ്റ്റേഷൻ പരിസരത്തെ മിലിട്ടറി മഹാദേവ് ക്ഷേത്രത്തിനു സമീപമാണ് ട്രെയിൻ പാളം തെറ്റിയത്. ഇരുമ്പ് ദണ്ഡുകളുമായി മിറാജിലേക്കു പോകുകയായിരുന്നു ട്രെയിൻ. അപകടത്തെ തുടർന്ന് മഹാരാഷ്ട്രയിൽ നിന്ന് കർണാടകയിലേക്കും തിരിച്ചുമുള്ള ട്രെയിൻ ഗതാഗതം തടസപ്പെട്ടു.

# സമാധാനപരമായ പ്രതിഷേധങ്ങൾ നടത്തൂ; നിയമം കൈയിലെടുക്കരുത്, കെണിയിൽ വീഴരുത്: മമത ബാനർജി

കോൽക്കത്ത: പശ്ചിമ ബംഗാളിൽ വഖഫ് ഭേദഗതി നിയമത്തിനെതിരായ പ്രതിഷേധം മറ്റ് പ്രദേശങ്ങളിലേക്കും വ്യാപിച്ചതിനു പിന്നാലെ സമാധാനത്തിന് ആഹ്വാനവുമായി മുഖ്യമന്ത്രി മമത ബാനർജി. പ്രതിഷേധിക്കാനുള്ള അവകാശം ഉയർത്തിപ്പിടിക്കുമ്പോഴും നിയമം കൈയിലെടുക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും മമത പറഞ്ഞു.ദക്ഷിണ കോൽക്കത്തയിലെ കാളിഘട്ടിലെ പ്രശസ്തമായ കാളി ക്ഷേത്രത്തിന് സമീപം ആകാശപ്പാത ഉദ്ഘാടനം ചെയ്യുന്നതിനിടെയായിരുന്നു മമതയുടെ ആഹ്വാനം.എല്ലാ മതങ്ങളും മനുഷ്യരെ സ്നേഹിക്കാനാണ് ആഹ്വാനം ചെയ്യുന്നത്. നമ്മൾ ജനിക്കുന്നതും മരിക്കുന്നതും ഒറ്റയ്ക്കാണ്. പിന്നെ എന്തിനുവേണ്ടിയാണ് യുദ്ധം ചെയ്യുന്നത് എന്തിനാണ് കലാപങ്ങൾ എന്തിനാണ് അശാന്തി മനുഷ്യരോടുള്ള സ്നേഹം നമ്മെ വിജയിപ്പിക്കും. അവരുടെ പശ്ചാത്തലമോ മതമോ പരിഗണിക്കാതെ ആക്രമിക്കപ്പെടുന്നവർക്കും അടിച്ചമർത്തപ്പെടുത്തുന്നവർക്കുമൊപ്പം നിൽക്കണമെന്നും മമത കൂട്ടിച്ചേർത്തു.സമാധാനപരമായ പ്രതിഷേധങ്ങളുയർത്താൻ എല്ലാവർക്കും അവകാശമുണ്ട്. എന്നാൽ ആരും നിയമം കൈയിലെടുക്കരുതെന്ന് ഞാൻ അഭ്യർഥിക്കുന്നു. നമുക്ക് നിയമത്തിന് അതീതമായി പ്രവർത്തിക്കുന്നവരെ ആവശ്യമില്ല. അതുകൊണ്ട് ആരെങ്കിലും നിങ്ങളെ നിയമം കൈയിലെടുക്കാൻ പ്രേരിപ്പിക്കുന്നുണ്ടെങ്കിൽ അവരുടെ കെണിയിൽ വീഴരുതെന്ന് താൻ അഭ്യർഥിക്കുന്നുവെന്നും മമത ബാനർജി പറഞ്ഞു.കഴിഞ്ഞ വെള്ളിയാഴ്ച മുർഷിദാബാദ് ജില്ലയിലെ ധൂലിയനിൽ വഖഫ് ഭേദഗതിക്കെതിരായ പ്രതിഷേധത്തിനിടെയുണ്ടായ വ്യാപക സംഘർഷത്തിൽ മൂന്നു പേർ കൊല്ലപ്പെടുകയും നിരവധിപേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു.പിന്നാലെ, തിങ്കളാഴ്ച സൗത്ത് 24 പർഗാനാസ് ജില്ലയിലെ ഭംഗറിൽ പ്രതിഷേധക്കാരും പോലീസും ഏറ്റുമുട്ടി. നിരവധി പേർക്ക് പരിക്കേൽക്കുകയും നിരവധി പോലീസ് വാഹനങ്ങൾ കത്തിക്കുകയും ചെയ്തിരുന്നു.

# പുതുക്കിയ പരീക്ഷാ തീയതി, സമയം പ്രസിദ്ധീകരിച്ചു

2025-26 അധ്യയന വർഷത്തെ എൻജിനിയറിങ്, ഫാർമസി കോഴ്സുകളിലേക്കുള്ള പുതുക്കിയ പരീക്ഷാ തീയതി, സമയം എന്നിവ പ്രസിദ്ധീകരിച്ചു. വിശദ വിവരങ്ങൾക്ക് ൦൦൦.രലല.സല്യമഹമ.ഴീ.ശി വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. ഹെൽപ് ലൈൻ നമ്പർ: 0471 2525300, 2332120, 2338487.

# സഹകരണ എക്സ്പോ വിളംബര ജാഥ

സംസ്ഥാന സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന സഹകരണ എക്സ്പോ 2025 ന്റെ ഭാഗമായി സംഘടിപ്പിക്കുന്ന വിളംബര ജാഥ ഏപ്രിൽ 19ന് നടക്കും. വൈകിട്ട് 3 മണിക്ക് തിരുവനന്തപുരം ആശാൻ സ്ക്വയറിൽ നിന്നും ആരംഭിക്കുന്ന ജാഥ കനകക്കുന്ന് കൊട്ടാരത്തിൽ സമാപിക്കും. ജാഥയിൽ പ്രമുഖ സഹകാരികൾ, സഹകരണ മേഖലയിലെ ജീവനക്കാർ തുടങ്ങിയവർ പങ്കെടുക്കും.

# കള്ളം പറയാൻ കെ.എം. ഏബ്രഹാം വിദഗ്ധൻ: ജേക്കബ് തോമസ്

കൊച്ചി: സർക്കാരിൻറെ പണം ഉപയോഗിച്ച് അഴിമതി കേസുകൾ നടത്താനാണ് കെ.എം. ഏബ്രഹാം അധികാരത്തിൽ തുടരുന്നതെന്ന് മുൻ ഡിജിപി ജേക്കബ് തോമസ്. കള്ളം പറയുന്നതിൽ ഏബ്രഹാം വിദഗ്ധനാണ്. തനിക്കെതിരേ ഉണ്ടെന്നു പറയുന്ന കേസ് ഹൈക്കോടതി തന്നെ തള്ളിക്കളഞ്ഞതാണ് ഇക്കാര്യം മറച്ചു വെച്ചാണ് ഏബ്രഹാം സംസാരിക്കുന്നതെന്നും ജേക്കബ് തോമസ് കൂട്ടിച്ചേർത്തു.

കോടതിയോട് ബഹുമാനം ഉണ്ടെങ്കിൽ ഏബ്രഹാം ഇത് പറയില്ല. എന്തിനാണ് അദ്ദേഹം ഭയപ്പെടുന്നത്. അഴിമതി ആരോപണങ്ങൾ തേച്ചുമാച്ചു കളയാനാണ് റിട്ടയർ ചെയ്ത ശേഷവും എബ്രഹാം അധികാരത്തിൽ തുടരുന്നത്. ശിവശങ്കരൻ ചെയ്ത കാര്യങ്ങൾ ചെയ്യാനാണ് മുഖ്യമന്ത്രി ഏബ്രഹാമിനെ ആ സ്ഥാനത്ത് ഇരുത്തിയിരിക്കുന്നതെന്നും ജേക്കബ് തോമസ് വ്യക്തമാക്കി.

ശിവശങ്കരൻ ചെയ്തത് എന്തൊക്കെയെന്ന് സ്വപ്ന സുരേഷ് വിളിച്ചു പറഞ്ഞു. അതുപോലെ ഏബ്രഹാം ചെയ്ത കാര്യങ്ങളും ഏതെങ്കിലും സ്വപ്ന സുരേഷ് ഒരിക്കൽ പറയും. ഹൈക്കോടതി ഉത്തരവ് മുഖ്യമന്ത്രിക്കും എതിരാണെന്നും അദ്ദേഹം പറഞ്ഞു.

പരാതിക്കാരനായ ജോമോൻ പുത്തൻപുരയ്ക്കലും ജേക്കബ് തോമസും ചേർന്നുള്ള നീക്കമാണ് സിബിഐ അന്വേഷണത്തിന് കാരണമെന്ന് കെ.എം. ഏബ്രഹാം കഴിഞ്ഞ ദിവസം ആരോപിച്ചിരുന്നു.

വിദ്യാർഥികളെ സ്വന്തം ബസിൽ എത്തിച്ചു; ബസ് ലോബിയുടെ കൊള്ളക്കൂലിക്ക് ആശ്വാസനിരക്കുമായി നിഥിൻറെ സേവനം

# അമ്മയെ കൊന്നതിലുള്ള പ്രതികാരം; പിതാവിനെ വെട്ടിക്കൊന്ന് മകൻ

ഭുവനേശ്വർ: ഒഡീഷയിലെ സുന്ദർഗഡ് ജില്ലയിൽ അമ്മയെ കൊന്നതിലുള്ള പ്രതികാരത്തിൽ മകൻ പിതാവിനെ വെട്ടിക്കൊലപ്പെടുത്തി.

സംഭവത്തിൽ ബിഷ്ണു(22)വിനെ പോലീസ് അറസ്റ്റ് ചെയ്തു. ക്രാന്തി കുമാർ ബർമ(55) എന്നയാളാണ് കൊല്ലപ്പെട്ടത്. ബ്രാഹ്മണി തരംഗ് പോലീസ് സ്റ്റേഷൻ പരിധിയിലെ ഭാലുപത്ര ഗ്രാമത്തിലെ ഒരു വയലിൽ നിന്നാണ് ക്രാന്തി കുമാറിൻറെ മൃതദേഹം കണ്ടെത്തിയത്. അമ്മയെ കൊലപ്പെടുത്തിയതിലുള്ള പ്രതികാരം വീട്ടാനാണ് താൻ കൊലനടത്തിയതന്നും ഇതിൽ യാതൊരു യാതൊരു പശ്ചാത്താപവുമില്ലെന്നും ബിഷ്ണു പോലീസിനോടു പറഞ്ഞു. ഭാര്യയെ കൊലപ്പെടുത്തിയ കേസിൽ ശിക്ഷ അനുഭവിച്ചതിന് ശേഷം കഴിഞ്ഞ വർഷം ഡിസംബറിലാണ് ബർമ ജയിൽ മോചിതനായത്. കുട്ടിയായിരുന്നപ്പോൾ ബിഷ്ണുവിൻറെ കൺമുന്നിൽ വച്ചാണ് ക്രാന്തി കുമാർ ഭാര്യയെ കൊലപ്പെടുത്തിയത്.

ഇയാൾ അക്രമാസക്തനാണെന്നും ഗ്രാമത്തിലെ സ്ത്രീകളോട് പലപ്പോഴും മോശമായി പെരുമാറുമായിരുന്നുവെന്നും കാരണമില്ലാതെ മകനെ മർദ്ദിക്കുമായിരുന്നുവെന്നും നാട്ടുകാർ പറഞ്ഞു. അന്വേഷണം നടന്നുവരികയാണെന്നും ബർമയുടെ മൃതദേഹം പോസ്റ്റ്മോർട്ടത്തിന് അയച്ചിട്ടുണ്ടെന്നും പോലീസ് പറഞ്ഞു.

# മദ്യലഹരിയിൽ ജൈന സന്യാസിമാരെ ആക്രമിച്ചു; മൂന്നുപേർ അറസ്റ്റിൽ

ഭോപ്പാൽ: മദ്യലഹരിയിൽ ജൈന സന്യാസിമാരെ ആക്രമിച്ച മൂന്നുപേർ അറസ്റ്റിൽ. മധ്യപ്രദേശിലെ നീമുച്ച് ജില്ലയിലാണ് സംഭവം. സിംഗോളി പട്ടണത്തിലെ ഒരു ക്ഷേത്രത്തിൽ വിശ്രമിക്കുകയായിരുന്ന മൂന്ന് ജൈന സന്യാസിമാരെയാണ് പണം ആവശ്യപ്പെട്ട് മദ്യപസംഘം വടിയും മൂർച്ചയേറിയ ആയുധങ്ങളും ഉപയോഗിച്ച് ആക്രമിച്ചത്.

ഗൺപത് നായക്, ഗോപാൽ ഭോ, കനയ്യ ലാൽ, രാജു ഭോ, ബാബു ശർമ, രാജസ്ഥാനിലെ പ്രായപൂർത്തിയാകാത്ത കുട്ടി എന്നിവരാണ് അറസ്റ്റിലായത്. തലയ്ക്ക് ഉൾപ്പടെ പരിക്കേറ്റ സന്യാസിമാരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്.

# ഡെപ്യൂട്ടേഷൻ നിയമനം

കേരള സർക്കാരിന്റെ നിയന്ത്രണത്തിൽ ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന കേരള ഹെൽത്ത് റിസർച്ച് ആൻഡ് വെൽഫെയർ സൊസൈറ്റി (കെ.എച്ച്.ആർ.ഡബ്ല്യു.എസ്) ൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാൻ താത്പ്പര്യമുള്ള സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ജൂനിയർ അസിസ്റ്റന്റ്/ ക്ലർക്ക് തസ്തികയിലുള്ള ഉദ്യോഗസ്ഥരിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

കെ.എസ്.ആർ 144 പ്രകാരമുള്ള അപേക്ഷ, വകുപ്പ് മേധാവിയുടെ എൻ.ഒ.സി എന്നിവ സഹിതം മേയ് 5ന് വൈകിട്ട് 5ന് മുമ്പായി മാനേജിങ് ഡയറക്ടർ, കെ.എച്ച്.ആർ.ഡബ്ല്യു.എസ്, ജനറൽ ആശുപത്രി ക്യാമ്പസ്, റെഡ് ക്രോസ് റോഡ്, തിരുവനന്തപുരം- 695035 എന്ന വിലാസത്തിൽ ലഭിക്കണം.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# അതിരപ്പിള്ളിയിൽ വീണ്ടും ജീവനെടുത്ത് കാട്ടാന; രണ്ടു പേർക്ക് ദാരുണാന്ത്യം

തൃശൂർ: അതിരപ്പിള്ളിയിൽ വീണ്ടും ജീവനെടുത്ത് കാട്ടാന. വഞ്ചികടവിൽ വനവിഭവങ്ങൾ ശേഖരിക്കാൻ പോയ രണ്ടുപേരാണ് തിങ്കളാഴ്ച രാത്രി ആനയുടെ ആക്രമണത്തിൽ മരിച്ചത്.

ആദിവാസി വിഭാഗത്തിൽപ്പെട്ട, വാഴച്ചാൽ ശാസ്താം പൂവം ഉന്നതിയിലെ സതീഷ്, അംബിക എന്നിവരാണ് മരിച്ചത്. വഞ്ചിക്കടവിൽ വനവിഭവങ്ങൾ ശേഖരിക്കാൻ താത്കാലിക കുടിൽകെട്ടി താമസിക്കുകയായിരുന്ന കുടുംബങ്ങൾക്കൊപ്പമാണ് ഇരുവരുമുണ്ടായിരുന്നത്.

ഇവർക്കു നേരെ കാട്ടാനക്കൂട്ടം പാഞ്ഞടുത്തപ്പോൾ എല്ലാവരും ചിതറിയോടി. എന്നാൽ സതീഷും അംബികയും ആനയുടെ മുന്നിൽ പെടുകയായിരുന്നു. അംബികയുടെ മൃതദേഹം പുഴയിൽനിന്നും സതീഷിൻറേത് പാറപ്പുറത്തു നിന്നുമാണ് കണ്ടെത്തിയത്. മറ്റുള്ളവരെ വനംവകുപ്പ് അധികൃതർ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റി.

കഴിഞ്ഞ ദിവസം അതിരപ്പിള്ളിയിൽ കാട്ടാനയുടെ ആക്രമണത്തിൽ ഒരാൾക്ക് ജീവൻ നഷ്ടമായിരുന്നു.

## അതിരപ്പിള്ളിയിൽ ഹർത്താൽ

തൃശൂർ: കാട്ടാന ആക്രമണത്തിൽ രണ്ട് പേർ കൊല്ലപ്പെട്ട അതിരപ്പിള്ളിയിൽ ബുധനാഴ്ച ജനകീയ ഹർത്താൽ. എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പിന്തുണയോടെയാണ് ഹർത്താൽ പ്രഖ്യാപിച്ചത്.

രാവിലെ ആറ് മുതൽ വൈകിട്ട് ആറ് വരെയാണ് ഹർത്താൽ. അതിരപ്പിള്ളി മേഖലയിൽ ആർആർടി സംവിധാനം കാര്യക്ഷമമാക്കണം,വന്യമൃഗ ആക്രമണത്തിന് ശാശ്വത പരിഹാരം വേണം, സർക്കാരും വനംവകുപ്പും ജാഗ്രതയോടെ പ്രവർത്തിക്കണം തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് ഹർത്താൽ.

## ചിക്കൻകറിക്ക് ചൂടില്ലെന്നാരോപിച്ച് തർക്കം; ഹോട്ടലുടമയ്ക്കു മർദനമേറ്റു

തിരുവനന്തപുരം: ചിക്കൻകറിക്ക് ചൂടില്ലെന്ന് ആരോപിച്ച് ഹോട്ടലുടമയ്ക്ക് മർദനമേറ്റതായി പരാതി. നെയ്യാറ്റിൻകര അമരവിളയ്ക്ക് സമീപത്തെ പുഴയോരം ഹോട്ടലിൽ വച്ചായിരുന്നു സംഭവം. ആക്രമണത്തിൽ പരിക്കേറ്റ ഹോട്ടൽ ഉടമ ദിലീപ് ആശുപത്രിയിൽ ചികിത്സതേടി.

തന്നെ മർദിച്ചത് നെയ്യാറ്റിൻകര സ്വദേശിയായ സജിൻ ദാസിൻറെ നേതൃത്വത്തിലാണെന്ന് ഹോട്ടൽ ഉടമ ദിലീപ് പോലീസിൽ മൊഴി നൽകി. സംഭവത്തെക്കുറിച്ച് അന്വേഷിച്ചുവരികയാണെന്ന് നെയ്യാറ്റിൻകര പോലീസ് പറഞ്ഞു.

ചിക്കൻകറിക്ക് ചൂടില്ലെന്ന് ആരോപിച്ച് തർക്കമുണ്ടാക്കിയ ഇവർ കടയിലുണ്ടായിരുന്ന സോഡാ കുപ്പികൊണ്ട് ദിലീപിനെ അടിക്കുകയായിരുന്നു. പരിക്കേറ്റ ദിലീപ് ആദ്യം നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലും പിന്നീട് നെയ്യാറ്റിൻകരയിലെ സ്വകാര്യ ആശുപത്രിയിലും ചികിത്സതേടി.

## ഉത്സവകാല തിരക്ക്; സ്പെഷൽ ട്രെയിൻ അനുവദിച്ചു

കൊച്ചി: ഉത്സവകാലത്തെ യാത്രാതിരക്ക് പരിഗണിച്ച് എറണാകുളത്തു നിന്നും ഡൽഹി ഹസ്രത് നിസാമുദ്ദീനിലേക്ക് പ്രത്യേക ട്രെയിൻ അനുവദിച്ചു. എറണാകുളം ജംഗ്ഷൻ ഹസ്രത് നിസാമുദ്ദീൻ സൂപ്പർ ഫാസ്റ്റ് സ്പെഷൽ ട്രെയിനാണ് അനുവദിച്ചത്.

16ന് വൈകുന്നേരം 6.05ന് പുറപ്പെടുന്ന ട്രെയിൻ 18ന് ഡൽഹി ഹസ്രത് നിസാമുദ്ദീനിൽ എത്തും. വിഷു ദിനത്തിൽ തന്നെ ടിക്കറ്റ് ബുക്കിംഗ് ആരംഭിച്ചതായി റെയിൽവേ മന്ത്രാലയം അറിയിച്ചു. 20 സെക്കൻഡ് ക്ലാസ് സ്ലീപ്പർ കോച്ചുകൾ, രണ്ട് സെക്കൻഡ് ക്ലാസ് ജനറൽ കോച്ചുകൾ എന്നിവയാണ് ഉണ്ടാവുക.

ആലുവ, തൃശൂർ, പാലക്കാട്, പോത്തനൂർ, തിരുപ്പൂർ, ഈറോഡ്, സേലം, ജോലാർപേട്ട, കാട്പാഡി, റെനിഗുണ്ട, ഗുഡൂർ, ഓൻഗോലെ, വിജയവാഡ, വാറങ്കൽ, ബൽഹർഷ, നാഗ്പുർ, ഇറ്റാർസി, ഭോപ്പാൽ, ബിന, ജാൻസി, ഗ്വാളിയോർ, ആഗ്ര, മഥുര എന്നിവിടങ്ങളിൽ സ്റ്റോപ്പുണ്ടാകും.

സ്പെഷൽ ട്രെയിൻ അനുവദിച്ച മന്ത്രി അശ്വിനി വൈഷ്ണവിന് കേന്ദ്ര മന്ത്രി ജോർജ് കുര്യൻ നന്ദി അറിയിച്ചു.

# ഭക്ഷണപ്രേമികൾക്കായി 'വനസുന്ദരി ചിക്കൻ ഫെസ്റ്റ്' കുടുംബശ്രീ പ്രീമിയം കഫേ റെസ്റ്റൊറൻറിൽ ഇന്നു മുതൽ 18 വരെ

തിരുവനന്തപുരം: കുടുംബശ്രീ പ്രീമിയം കഫേയിൽ ഇന്നു(1642025) മുതൽ 18 വരെ 'വനസുന്ദരി ചിക്കൻ ഫെസ്റ്റ്' സംഘടിപ്പിക്കുന്നു. ദേശീയ സരസ് മേളയിൽ സംഘടിപ്പിക്കുന്ന ഫുഡ് കോർട്ട് ഉൾപ്പെടെ പ്രമുഖ ഭക്ഷ്യമേളകളിലെല്ലാം ഇതിനകം ഹിറ്റായി മാറിയ വിഭവമാണ് കുടുംബശ്രീയുടെ മാത്രം ഭക്ഷ്യ ഉൽപന്നമായ അട്ടപ്പാടിയുടെ 'വനസുന്ദരി ചിക്കൻ'. അനന്തപുരിയിലെ ഭക്ഷണ പ്രേമികൾക്ക് 'വനസുന്ദരി' ചിക്കൻ വിഭവം ആസ്വദിക്കാൻ അവസരമൊരുക്കുന്നതിൻറെ ഭാഗമായാണ് ഫെസ്റ്റ് സംഘടിപ്പിക്കുന്നത്.

അട്ടപ്പാടിയിൽ ലഭിക്കുന്ന പ്രത്യേകതരം പച്ചിലകളും സുഗന്ധ വ്യഞ്ജനങ്ങളും ചേർത്ത് അരച്ചെടുക്കുന്ന പച്ചനിറത്തിലുള്ള കറിക്കൂട്ട് ചിക്കനിൽ പുരട്ടി എണ്ണ ഉപയോഗിക്കാതെയാണ് പാകം ചെയ്യുന്നത്. അട്ടപ്പാടിയിലെ പട്ടികവർഗ മേഖലയിൽ നിന്നെത്തിയ സംരംഭകരാണ് വിഭവം തയ്യാറാക്കുന്നതും. ഇവർ 'വൃത്തി' കോൺക്ളേവിനൊടനുബന്ധിച്ച് സംഘടിപ്പിച്ച കുടുംബശ്രീ ഫുഡ് കോർട്ടിലും പങ്കെടുത്തിരുന്നു.

സെക്രട്ടേറിയറ്റിന് സമീപം ഗവ.പ്രസിന് എതിർവശത്തെ ബഹുനില കെട്ടിടത്തിൻറെ താഴത്തെ നിലയിൽ പ്രവർത്തനം ആരംഭിച്ച കുടുംബശ്രീയുടെ പ്രീമിയം കഫേ റെസ്റ്റോറൻറിലാണ് വനസുന്ദരി ഫെസ്റ്റ് നടക്കുന്നത്. പൂർണമായും ശീതീകരിച്ച റെസ്റ്റൊറൻറിൽ ഒരേ സമയം 50 പേർക്ക് ഭക്ഷണം കഴിക്കാൻ സൗകര്യമുണ്ട്. ജില്ലയിൽ കുടുംബശ്രീയുടെ ആദ്യത്തെ പ്രീമിയം കഫേയാണിത്. ട്രാവൻകൂർ മിനി സദ്യ, പട്ടം കോഴിക്കറി, നെയ്മീൻ ഫിഷ് മൽഹാർ, മലബാർ വിഭവങ്ങൾ, ചൈനീസ് വിഭവങ്ങൾ എന്നിവ പ്രീമിയം കഫേയിൽ ലഭ്യമാകും.

പബ്ളിക് റിലേഷൻസ് ഓഫീസർ

കുടുംബശ്രീ

# ഓപ്പറേഷൻ ഡി–ഹണ്ട്: 76 പേരെ അറസ്റ്റ് ചെയ്തു; കഞ്ചാവ്, കഞ്ചാവ് ബീഡി എന്നിവ പിടിച്ചെടുത്തു

ഓപ്പറേഷൻ ഡി-ഹണ്ടിൻറെ ഭാഗമായി ഇന്നലെ (ഏപ്രിൽ14) സംസ്ഥാനവ്യാപകമായി നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ മയക്കുമരുന്ന് വിൽപ്പനയിൽ ഏർപ്പെടുന്നതായി സംശയിക്കുന്ന 1808 പേരെ പരിശോധനയ്ക്ക് വിധേയമാക്കി. വിവിധതരത്തിലുള്ള നിരോധിത മയക്കുമരുന്ന് കൈവശം വച്ചതിന് 70 കേസുകൾ രജിസ്റ്റർ ചെയ്തു. 76 പേരാണ് അറസ്റ്റിലായത്. ഈ കേസുകളിൽ എല്ലാം കൂടി കഞ്ചാവ് (1.254 കി.ഗ്രാം), കഞ്ചാവ് ബീഡി (57 എണ്ണം) എന്നിവ പോലീസ് ഇവരിൽ നിന്ന് പിടിച്ചെടുക്കുകയുണ്ടായി.

നിരോധിത മയക്കുമരുന്നുകളുടെ സംഭരണത്തിലും വിപണനത്തിലും ഏർപ്പെട്ടിരിക്കുന്നവരെ കണ്ടുപിടിച്ച് കർശന നിയമനടപടികൾ സ്വീകരിക്കുന്നതിനാണ് 2025 ഏപ്രിൽ 14ന് സംസ്ഥാന വ്യാപകമായി ഓപ്പറേഷൻ ഡി-ഹണ്ട് നടത്തിയത്. പൊതുജനങ്ങളിൽ നിന്ന് മയക്കുമരുന്ന് സംബന്ധിച്ച വിവരങ്ങൾ സ്വീകരിച്ച് നടപടികൾ കൈക്കൊള്ളുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ആൻറി നർക്കോട്ടിക്ക് കൺട്രോൾ റൂം (9497927797) നിലവിലുണ്ട്. ഈ നമ്പറിലേക്ക് ബന്ധപ്പെടുന്നവരുടെ വിവരങ്ങൾ രഹസ്യമായാണ് സൂക്ഷിക്കുന്നത്.

മയക്കുമരുന്നിനെതിരെയുള്ള നടപടികൾ ശക്തമാക്കുന്നതിൻറെ ഭാഗമായി ക്രമസമാധാന വിഭാഗം എ.ഡി.ജി.പിയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ സംസ്ഥാന തലത്തിൽ ആൻറി നർക്കോട്ടിക്സ് ഇൻറലിജൻസ് സെല്ലും എൻ.ഡി.പി.എസ് കോർഡിനേഷൻ സെല്ലും റേഞ്ച് അടിസ്ഥാനത്തിൽ ആൻറി നർക്കോട്ടിക്സ് ഇൻറലിജൻസ് സെല്ലും പ്രവർത്തിക്കുന്നുണ്ട്.

# സർക്കാരിന്റെ നാലാം വാർഷികം : 'മിഴിവ്' ഷോർട്ട് വീഡിയോ മത്സരത്തിന് എൻട്രികൾ ക്ഷണിച്ചു

സർക്കാരിന്റെ നാലാം വാർഷികത്തോടനുബന്ധിച്ച് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സംഘടിപ്പിക്കുന്ന 'മിഴിവ് 2025' ഓൺലൈൻ വീഡിയോ മത്സരത്തിലേക്ക് എൻട്രികൾ ക്ഷണിച്ചു. 'ഒന്നാമതാണ് കേരളം' എന്നതാണ് മത്സര വിഷയം. ഒന്നര ലക്ഷം രൂപയും ഫലകവും സർട്ടിഫിക്കറ്റുമാണ് ഒന്നാം സ്ഥാനം. രണ്ടും മൂന്നും സ്ഥാനം നേടുന്ന വീഡിയോകൾക്ക് യഥാക്രമം 1,00,000, 50,000 എന്നിങ്ങനെ ക്യാഷ് അവാർഡും ഫലകവും സർട്ടിഫിക്കറ്റും ലഭിക്കും. വീഡിയോകളുടെ പരമാവധി ദൈർഘ്യം 120 സെക്കന്റാണ്. എൻട്രികൾ ഏപ്രിൽ 26 വരെ mizhiv.kerala.gov.in എന്ന വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യാം. മത്സരത്തിൽ പങ്കെടുക്കാൻ പ്രായ പരിധിയില്ല.

മൊബൈൽ ക്യാമറ ഉപയോഗിച്ച്ച ചിത്രീകരിക്കുന്ന എൻട്രികളും മത്സരത്തിനായി പരിഗണിക്കുന്നതാണ്. ഫിക്ഷൻ / ഡോക്യുഫിക്ഷൻ / അനിമേഷൻ, മ്യൂസിക് വീഡിയോ, മൂവിംഗ് പോസ്റ്റേഴ്സ് തുടങ്ങിയ രീതികളിൽ നിർമ്മിച്ച വീഡിയോകളാണ് മത്സരത്തിനായി പരിഗണിക്കുക. അണിയറ പ്രവർത്തകരുടെ പേര് ചേർത്തുള്ള വീഡിയോകൾ എച്ച് ഡി (1920:1080) mp4 ഫോർമാറ്റിൽ സമർപ്പിക്കണം.

വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുമ്പോൾ ലഭിക്കുന്ന ലോഗിൻ ഐഡിയും പാസ്വേഡും ഉപയോഗിച്ച് വേണം വീഡിയോകൾ അപ്ലോഡ് ചെയ്യേണ്ടത്. ഒരാൾക്ക് ഒരു വീഡിയോ മാത്രമേ മത്സരത്തിനായി നൽകാനാവൂ. ലഭ്യമാകുന്ന എൻട്രികളുടെ പകർപ്പവകാശം ഐ&പി.ആർ.ഡിയിൽ നിക്ഷിപ്തമായിരിക്കും. ഐ&പി.ആർ.ഡി ജീവനക്കാർക്ക് മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കില്ല. കൂടുതൽ വിവരങ്ങൾ prd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.




## സഹായം തേടുന്നു

ഉത്സവ എഴുന്നള്ളത്തിനിടെ ആനപ്പുറത്ത് നിന്നും വീണു തലയ്ക്കു ഗുരുതര പരിക്കേറ്റു പത്തു ദിവസത്തിലധികമായി KIMS Neuro ICCU വെന്റിലേറ്ററിൽ കഴിയുന്ന പദ്മനാഭന്റെ (അരവിന്ദ് – 40 വയസ്സ്) ചികിത്സക്കായി എല്ലാവരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു. ഇതുവരെയുള്ള ചികിത്സാ ചിലവുകൾക്ക് തന്നെ 15 ലക്ഷത്തിൽ അധികം വേണ്ടി വന്നു. ഇനിയും തുടർ ചികിത്സക്ക് ലക്ഷങ്ങൾ വേണ്ടി വരും.രണ്ടു കുഞ്ഞു മക്കളും, ഭാര്യയും, സുഖമില്ലാത്ത അച്ഛന്റെയും അമ്മയുടെയും ഏക ആശ്രയമായ അരവിന്ദിനെ ജീവിതത്തിലേക്ക് കൊണ്ട് വരാൻ നിങ്ങൾ ഓരോരുത്തരും നമ്മളോടൊപ്പം കൈ കോർക്കുക.

N.Padmanabhan @ Aravind's Mother Bank Details

Beneficiary Name : ALAMELU AMMAL N
SB A/c No: - 2906101012795
Bank : Canara Bank
Branch : Manacaud
City : Thiruvananthapuram
IFSC CODE - CNRB0002906

## ബസ് താഴ്ചയിലേക്ക് മറിഞ്ഞ് അപകടം; അടിയിൽ കുടുങ്ങിയ വിദ്യാർഥിനിക്ക് ദാരുണാന്ത്യം

തൊടുപുഴ: നേര്യമംഗലം മണിയമ്പാറയിൽ കെഎസ്ആർടിസി ബസ് താഴ്ചയിലേക്ക് മറിഞ്ഞുണ്ടായ അപകടത്തിൽ വിദ്യാർഥിനി മരിച്ചു. കിരിത്തോട് തേക്കുമറ്റത്തിൽ പരേതനായ ബെന്നിയുടെ മകൾ അനീറ്റ(14) ആണ് മരിച്ചത്. അപകടത്തിൽ 15ഓളം പേർക്ക് പരിക്കേറ്റു.

രാവിലെ പതിനൊന്നോടെയാണ് അപകടം ഉണ്ടായത്. കട്ടപ്പനയിൽ നിന്ന് എറണാകുളത്തേക്ക് പോകുകയായിരുന്ന ബസ് ബസ് ഡിവൈഡറിൽ ഇടിച്ച ശേഷം നിയന്ത്രണംവിട്ടു മറിയുകയായിരുന്നു.

ബസിൽനിന്നു തെറിച്ചുവീണ അനീറ്റ അടിയിൽപെടുകയായിരുന്നു. തുടർന്ന് ക്രെയിൻ ഉപയോഗിച്ച് ബസ് ഉയർത്തിയ ശേഷം പുറത്തെടുത്ത് ആശുപ്രതിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

# മെഹുൽ ചോക്സിയെ കൊണ്ടുവരൽ: സിബിഐ, ഇഡി ഉദ്യോഗസ്ഥർ ബെൽജിയത്തിലേക്ക്

ന്യൂഡൽഹി: ബെൽജിയത്തിൽ അറസ്റ്റിലായ പഞ്ചാബ് നാഷണൽ ബാങ്ക് സാമ്പത്തികത്തട്ടിപ്പ് കേസിൽ പ്രതി ഇന്ത്യൻ രത്നവ്യാപാരി മെഹുൽ ചോക്സിയെ ഇന്ത്യയിലെത്തിക്കാനുള്ള നീക്കവുമായി കേന്ദ്ര അന്വേഷണ ഏജൻസികൾ. സിബിഐ, ഇഡി ഉദ്യോഗസ്ഥർ ബെൽജിയത്തിലേക്ക് പോകാനുള്ള നീക്കങ്ങൾ ആരംഭിച്ചു. മെഹുൽ ചോക്സിയെ കൈമാറുന്നതിനുള്ള രേഖകൾ തയാറാക്കുന്നതിനും ബെൽജിയം സർക്കാരുമായി ബന്ധപ്പെട്ട മറ്റു നടപടിക്രമങ്ങൾക്കുമാണ് ഉദ്യോഗസ്ഥർ അങ്ങോട്ടേക്ക് പോകുന്നത്.

ഇന്ത്യൻ അധികൃതരുടെ ആവശ്യപ്രകാരം ഏപ്രിൽ 12 നാണ് ചോക്സിയെ ബെൽജിയം പോലീസ് അറസ്റ്റ് ചെയ്തത്.

ബെൽജിയത്തിലേക്ക് പോകാനുള്ള ഉദ്യോഗസ്ഥരുടെ പേരുകൾ ഇഡി, സിബിഐ ആസ്ഥാനങ്ങളിൽ തയാറായി വരികയാണെന്ന് ഇന്ത്യൻ എക്സ്പ്രസ് റിപ്പോർട്ട് ചെയ്യുന്നു. ഇരു ഏജൻസികളിൽനിന്നും രണ്ടോ മൂന്നോ ഉദ്യോഗസ്ഥർ വീതമായിരിക്കും പോകുക.

ഇന്ത്യക്ക് കൈമാറുന്നത് സംബന്ധിച്ച് ചോക്സി നിയമപരമായ തടസങ്ങൾ സൃഷ്ടിക്കാനുള്ള സാധ്യതകൾ കണക്കിലെടുത്ത് കേസുകൾ സംബന്ധിച്ച് വിശദമായ രേഖകൾ സഹിതമാണ് ഉദ്യോഗസ്ഥർ ബെൽജിയത്തിലേക്ക് തിരിക്കുന്നത്. ഇരു അന്വേഷണ ഏജൻസികളുടേയും മേധാവികൾ ചർച്ചകളും ഇതിനോടകം നടത്തിയിട്ടുണ്ട്.

അറസ്റ്റിന് പിന്നാലെ ചോക്സിക്ക് ജാമ്യം ലഭ്യമാക്കുന്നുള്ള നടപടികളുമായി മുന്നോട്ട് പോകുമെന്ന് കഴിഞ്ഞ ദിവസം ചോക്സിയുടെ അഭിഭാഷകൻ പറഞ്ഞിരുന്നു. കാൻസർ ചികിത്സ നടത്തുകയാണെന്നും യാത്ര ചെയ്യാനുള്ള ബുദ്ധിമുട്ടുകളും ഉന്നയിച്ചാണ് ചോക്സി ജാമ്യത്തിനുള്ള ശ്രമങ്ങൾ നടത്തുന്നത്.

# കെ.കെ. രാഗേഷ് സിപിഎം കണ്ണൂർ ജില്ലാ സെക്രട്ടറി; തീരുമാനം ജില്ലാ കമ്മിറ്റി യോഗത്തിൽ

കണ്ണൂർ: എം.വി. ജയരാജന് പകരം പുതിയ സിപിഎം കണ്ണൂർ ജില്ലാ സെക്രട്ടറിയായി സംസ്ഥാന കമ്മിറ്റി അംഗവും മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുമായ കെ. കെ. രാഗേഷ്. ഇന്നു രാവിലെ മുഖ്യമന്ത്രി പിണറായി വിജയനും സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദനും പങ്കെടുത്ത ജില്ലാ കമ്മിറ്റി യോഗത്തിലാണ് പുതിയ ജില്ലാ സെക്രട്ടറിയെ തെരഞ്ഞെടുത്തത്.

മുഖ്യമന്ത്രി പിണറായി വിജയനാണ് കെ.കെ. രാഗേഷിൻറെ പേര് നിർദേശിച്ചത്. സംസ്ഥാന കമ്മിറ്റിയാണ് തീരുമാനമെടുത്തത്. കൂടാതെ, പന്ത്രണ്ട് അംഗ ജില്ലാ സെക്രട്ടറിയേറ്റും യോഗത്തിൽ രൂപീകരിച്ചു. എം. കരുണാകരനാണ് പുതിയ ജില്ലാ സെക്രട്ടേറിയേറ്റ് അംഗം.

ജില്ലാ സമ്മേളനം സെക്രട്ടറിയായി തെരഞ്ഞെടുത്ത എം.വി. ജയരാജൻ സംസ്ഥാന സെക്രട്ടറിയേറ്റിൽ ഇടം പിടിച്ചതിനെ തുടർന്നാണ് കണ്ണൂരിൽ പുതിയ ജില്ലാ സെക്രട്ടറിയെ തെരഞ്ഞെടുക്കേണ്ട സാഹചര്യം ഉണ്ടായത്. രാഗേഷിനു പുറമേ സംസ്ഥാന കമ്മിറ്റി അംഗം തന്നെയായ എം. പ്രകാശൻ മാസ്റ്ററും ജില്ലാ സെക്രട്ടറി സ്ഥാനത്തേക്ക് സജീവ പരിഗണനയിലുണ്ടായിരുന്നു. എസ്എഫ്ഐ അഖിലേന്ത്യാ സെക്രട്ടറി, പ്രസിഡൻറ് എന്നീ നിലകളിൽ പ്രവർത്തിച്ച രാഗേഷ് കിസാൻസഭ അഖിലേന്ത്യാ ജോയിൻറ് സെക്രട്ടറിയാണ്. മുൻ രാജ്യസഭാംഗം കൂടിയാണ്. ജില്ലാ സെക്രട്ടറി സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടതോടെ കെ.കെ. രാഗേഷ് മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി സ്ഥാനത്ത് നിന്ന് മാറും.

1970 മേയ് 13ന് കണ്ണൂർ ജില്ലയിലെ കാഞ്ഞിരോട്ട് ജനിച്ച കെ.കെ. രാഗേഷ് എസ്എഫ്ഐയിലൂടെയാണ് രാഷ്ട്രീയപ്രവേശം നടത്തിയത്. എസ്എഫ്ഐ ജില്ലാ പ്രസിഡൻറ്, സെക്രട്ടറി എന്നീ സ്ഥാനങ്ങൾ വഹിച്ച രാഗേഷ് എസ്എഫ്ഐയുടെ അഖിലേന്ത്യാജനറൽ സെക്രട്ടറിയായ ആദ്യ മലയാളിയായിരുന്നു. 2015ൽ കേരളത്തിൽ നിന്നു രാജ്യസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടു. 2021 മേയിൽ രണ്ടാം പിണറായി വിജയൻ സ!ർക്കാർ അധികാരത്തിൽ എത്തിയതിനു പിന്നാലെ മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായി നിയമിതനായി. കണ്ണൂർ സർവകലാശാല അസോസിയേറ്റ് പ്രഫസർ പ്രിയ വർഗീസ് ആണ് ഭാര്യ.

# വിദ്യാർഥികളെ സ്വന്തം ബസിൽ എത്തിച്ചു; ആശ്വാസനിരക്കുമായി നിഥിൻെറ സേവനം

ഏറ്റുമാനൂർ: കർണാടകയിൽ നഴ്സിംഗ് പൊതു പ്രവേശന പരീക്ഷ എഴുതാൻ പോകാൻ യാത്രാമാർഗമില്ലാതെ വലഞ്ഞ വിദ്യാർഥികളെ സ്വന്തം ബസിൽ എത്തിച്ച് നീണ്ടൂർ സ്വദേശി.

കർണാടക നഴ്സിംഗ് കോമൺ എൻട്രൻസ് ടെസ്റ്റ് എഴുതാൻ ബംഗളൂരുവിലും മംഗലാപുരത്തും പോകേണ്ട വിദ്യാർഥികൾക്ക് ട്രെയിൻ, ബസ് ടിക്കറ്റ് ലഭിക്കാൻ ഉണ്ടായിരുന്നില്ല. വിഷു, ഈസ്റ്റർ തിരക്കും അവധിയും വന്നതിനൊപ്പമാണ് എൻട്രൻസ് പരീക്ഷയും എത്തിയത്. തിരക്കേറിയതോടെ സ്വകാര്യ ടൂറിസ്റ്റ് ബസ് കമ്പനികൾ ടിക്കറ്റ് നിരക്ക് കുത്തനെ ഉയർത്തി. മൂവായിരം രൂപയും അതിനു മുകളിലുമായി ടിക്കറ്റ് നിരക്ക് കുതിച്ചുയർന്നു.

ഒരു വിദ്യാർഥി രക്ഷിതാവിനൊപ്പം പരീക്ഷയെഴുതാൻ പോയി വരുമ്പോൾ യാത്രാചെലവു മാത്രം പന്തീരായിരം രൂപയോളം ചെലവു വരുന്ന സാഹചര്യം. ഈ സാഹചര്യം മനസിലാക്കിയാണ് നീണ്ടൂർ സ്വദേശിയും അമേരിക്കൻ ഈഗിൾസ് ടൂറിസ്റ്റ് ബസ് കമ്പനി ഉടമയുമായ നിഥിൻ തോട്ടത്തിൽ വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും ആശ്വാസമായി രംഗത്തു വന്നത്.

ടൂർ പാക്കേജ് പെർമിറ്റ് എടുത്താണ് നിഥിൻ സർവീസ് നടത്തുന്നത്. ഇരുവശത്തേക്കുമുള്ള യാത്രക്കായി നിഥിൻ ഈടാക്കുന്നത് മൂവായിരം രൂപ മാത്രം. പരീക്ഷ എഴുതേണ്ട സാധാരണക്കാരായ വിദ്യാർഥികളുടെ ബുദ്ധിമുട്ട് മനസിലാക്കിയാണ് ചോദിക്കുന്ന പണം ലഭിക്കുമായിരുന്നിട്ടും ഏറെ കുറഞ്ഞ നിരക്ക് ഈടാക്കി സർവീസ് നടത്താൻ തീരുമാനിച്ചതെന്ന് നിഥിൻ പറഞ്ഞു.

നിഥിൻറെ സന്മനസിനെ അഭിനന്ദിക്കുകയും ഏറെപ്പേർ നന്ദി പറയുകയുമാണ്. കർണാടകയിലെ വിവിധ ദേശീയ ദിനപത്രങ്ങൾ വരെ ഈ സേവനത്തെപ്പറ്റി റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു.

# യുവാവിനെ തട്ടിക്കൊണ്ടു പോയി മോചനദ്രവ്യം ആവശ്യപ്പെട്ട് മർദിച്ചതായി പരാതി

ആലപ്പുഴ: യുവാവിനെ തട്ടിക്കൊണ്ടു പോയി മോചനദ്രവ്യം ആവശ്യപ്പെട്ട് ക്രൂരമായി മർദിച്ചതായി പരാതി.

ജോലി നൽകാമെന്ന് പറഞ്ഞ് കോട്ടയത്തേക്ക് വിളിച്ചു വരുത്തിയാണ് തട്ടിക്കൊണ്ടു പോയത്. കേസിൽ നാല് പേർ അറസ്റ്റിലായി.

ഏപ്രിൽ 10ന് രാവിലെയാണ് ആലപ്പുഴ മാന്നാർ സ്വദേശിയായ പ്രശാന്തിനെ ജോലി നൽകാമെന്ന് പറഞ്ഞ് കോട്ടയത്തുള്ള ലോഡ്ജിലേക്ക് വിളിച്ചു വരുത്തിയത്.

ലോഡ്ജിൽ നിന്ന് ഇന്നോവ കാറിൽ കയറ്റിക്കൊണ്ടു പോയി മർദിക്കുകയായിരുന്നു എന്നാണ് പരാതി. രക്ഷപെടാൻ ശ്രമിച്ചപ്പോൾ മർദനം കൂടി. പണവും സ്വർണവും ആവശ്യപ്പെട്ടായിരുന്നു മർദനമെന്ന് യുവാവ് പറയുന്നു.

പ്രശാന്തിൻറെ മുഖത്തും കണ്ണിനും ഗുരുതരമായി പരിക്കേൽക്കുകയും താടിയെല്ല് പൊട്ടുകയും ചെയ്തു. ഇതിനിടെ പ്രശാന്തിനെ കാണാനില്ലെന്ന് കാണിച്ച് കുടുംബം മാന്നാർ പോലീസിൽ പരാതി നൽകിയിരുന്നു. പോലിസ് അന്വേഷിക്കുന്നത് അറിഞ്ഞതോടെ യുവാവിനെ പ്രതികൾ വഴിയിൽ ഉപേക്ഷിച്ചു കടന്നുകളഞ്ഞു. തുടർന്നുള്ള അന്വേഷണത്തിലാണ് കോട്ടയം പാമ്പാടി സ്വദേശി രതീഷ് ചന്ദ്രൻ പിടിയിലായത്.

തുടർന്ന് വെസ്റ്റ് വേളൂർ സ്വദേശികളായ നിഖിൽ, മനു കെ. ബേബി, പാമ്പാടി സ്വദേശി സഞ്ജയ് സജി എന്നിവരെയും പോലീസ് പിടികൂടി. പ്രതികൾ നിരവധി ക്രിമിനൽ കേസുകളിലെ പ്രതികൾ ആണെന്ന് പോലിസ് അറിയിച്ചു.